തീരുമാനം അറിയിക്കുകയാണ്. ഇത്രകാലം ഇരിക്കാമെന്നു ചെയർ ആരോടും വാക്കു പറഞ്ഞിട്ടില്ല. ഇരിക്കുന്ന കാലത്തോളം സഭയുടെ അന്തസ്സും അംഗങ്ങളുടെ അവകാശങ്ങളും സംരക്ഷിക്കുവാൻ ബാദ്ധ്യസ്ഥനാണെന്നുമാത്രം ഈയവസരത്തിൽ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്.

IV. 58 ാം ചട്ടപ്രകാരമുള്ള ചർച്ച

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 1982–83–ലേക്കുള്ള വാർഷിക റിപ്പോർട്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഈ സഭയിൽ ഏറ്റവും ഒടുവിലായി സമർപ്പിക്കപ്പെട്ട 1982–83–ലെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ വാർഷിക റിപ്പോർട്ട് ചർച്ചചെയ്യണമെന്നാണ് ഞാൻ നോട്ടീസ് നൽകിയിരിക്കുന്നത്. ഈ ചർച്ചയ്ക്ക് സമയം കണ്ടെത്തിയ അങ്ങയെ ഞാൻ ആദ്യമായി അഭിനന്ദിച്ചുകൊള്ളട്ടെ. ധീരമായ നിലയിൽ സഭയുടെ അന്തസ്സ് കാത്തുസൂക്ഷിക്കാൻ ചരിത്രപ്രസിദ്ധമായ തീരുമാനങ്ങളെടുത്തിട്ടുള്ള അങ്ങേയ്ക്ക് ഒരിക്കൽ കൂടി ഞാൻ എന്റെ അഭിനന്ദനത്തിന്റെ പൂച്ചെണ്ട് അർപ്പിച്ചുകൊള്ളട്ടെ. കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ റിപ്പോർട്ടിൻമേലുള്ള ചർച്ച ഈ സഭയിൽ ഇതിനുമുമ്പ് ഒരിക്കൽ മാത്രമാണ് നടന്നിട്ടുള്ളത്. 1962 ഒക്ടോബർ മാസം 16–ാം തീയതിയാണ് ഈ സഭ ആദ്യമായി പബ്ലിക് സർവ്വീസ് കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് ചർച്ച ചെയ്തത്. അന്നു ചർച്ച ചെയ്തത് 1960–61–ലെ റിപ്പോർട്ടിൻമേലാണ്. അങ്ങനെ 23 വർഷങ്ങൾക്കു ശേഷം ആദ്യമായി സഭ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ റിപ്പോർട്ടിൻമേലുള്ള ചർച്ച ആരംഭിക്കുകയാണ്.

സർ, എന്നെ ഇതിലേക്ക് പ്രേരിപ്പിച്ച സംഗതി, ഈ അടുക്കാലത്ത് യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചർച്ച ലോകസഭയിൽ നടക്കുകയുണ്ടായി, ആ ചർച്ചകളുടെ ചുവടുപിടിച്ചാണ് നമ്മുടെ നിയമസഭയിലും ഇങ്ങനെ ഒരു ചർച്ച ആവശ്യമാണെന്ന് തോന്നി അങ്ങേയ്ക്ക് ഞാൻ നോട്ടീസ് നൽകിയതും. അങ്ങ് സ്നേഹപൂർവ്വം അതിന് സമയം കണ്ടെത്തിയതും. 1962–ൽ ചർച്ച നടക്കുമ്പോൾ അന്ന് കേരളാ പി.എസ്.സി. എന്നു പറയുന്നത് 3 മെമ്പർമാരുള്ളതും ഒരു ചെറിയ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്നതുമായ ഒരു സ്ഥാപനമായിരുന്നു. 23 വർഷങ്ങൾക്കുശേഷം ഇന്ന് പി.എസ്.സി. ഇൻഡ്യയിലെ ഏറ്റവും വലിയ പബ്ലിക് സർവ്വീസ് കമ്മീഷനായി മാറിയിട്ടുണ്ട്. ചെയർമാനടക്കം 15 അംഗങ്ങൾ ഇന്ന് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഉണ്ട്. മാത്രവുമല്ല ഏതാണ്ട് 6 ലക്ഷത്തിനും 8 ലക്ഷത്തിനും ഇടയിൽ അപേക്ഷകൾ ഓരോ വർഷവും അവിടെ കിട്ടി വരുന്നു എന്നാണ് കണക്ക്. അതുപോലെ തന്നെ ഇക്കൊല്ലത്തെ പി.എസ്.സി. യുടെ ചെലവിനത്തിൽ പെടുത്തിയിരിക്കുന്നത് 2 കോടി രൂപയാണ്. പി.എസ്.സി.യുടെ ചുമതലകളും അധികാര പരിധിയും വർദ്ധിച്ചു. അമ്പത്തഞ്ചോളം പൊതുമേഖലാസ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, 3 കോർപ്പറേഷനുകൾ തുടങ്ങി നിരവധി സ്ഥാപനങ്ങളുടെ നിയമനം പി.എസ്.സി.ക്ക് വിട്ടുകൊടുത്തിരിക്കുകയാണ്. പി.എസ്.സി.

LIBRARY ARCHIVES Kerala Legislative Assembly

യുടെ പ്രവർത്തന വൈപുല്യം എത്രമാത്രം വർദ്ധിച്ചിട്ടുണ്ട് എന്നുള്ളത് ഇതിൽ നിന്നും വ്യക്തമാണ്. അങ്ങനെ വർദ്ധിച്ചിട്ടുള്ള നമ്മുടെ ഈ പി.എസ്സ്.സി.യുടെ സ്ഥിതി എന്താണ്?

സർ, പി.എസ്.സി.യിൽ ഇന്ന് തിരഞ്ഞെടുപ്പുകളുടെ കാര്യത്തിൽ വളരെയധികം കാലതാമസം നേരിട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ ലക്ഷക്കണക്കിന് അഭ്യസ്തവിദ്യരായിട്ടുള്ള യുവതീയുവാക്കൻമാർ അപേക്ഷ അയച്ച് കാത്തിരിക്കുമ്പോൾ ഒഴിവുകൾ നികത്തപ്പെടാതെ കിടക്കുകയാണ്. അതിന്റെ ഫലമായി അനർഹരായ ധാരാളംപേർ പിൻവാതിലിലൂടെ താല്ക്കാലികനിയമനങ്ങൾ നേടി പോവുകയാണ്. മാസങ്ങളും വർഷങ്ങളും കഴിയുമ്പോൾ അവരെ സ്ഥിരപ്പെടുത്തുന്നു. അതായതു 'ജനം മൂത്തു ഊരായ്മ' എന്ന കണക്കിലാണ് നിയമനങ്ങൾ പി.എസ്.സി. യിൽ നടക്കുന്നത്. ഈ ദുഃസ്ഥിതി മാറണം. യാതൊരു കാരണവശാലും ഈ താല്ക്കാലിക നിയമനങ്ങൾ ഇനി അനുവദിച്ചുകൂടാ. നമ്മുടെ നാട്ടിലെ പിന്നോക്കസമുദായങ്ങൾ എത്രയോകാലമായി സമരം ചെയ്തു നേടിയെടുത്ത അവകാശങ്ങൾ പിൻവാതിലിലൂടെ നിഷേധിക്കപ്പെടുന്ന നിരവധി അനുഭവങ്ങളാണ് ഇന്നു നമ്മുടെ മുമ്പിലുള്ളത്. അതുകൊണ്ട് ഈ താല്ക്കാലികനിയമനങ്ങൾ നിറുത്തുന്നതിനും, കാലതാമസം ഒഴിവാക്കുന്നതിനുംവേണ്ടി ഗവൺമെന്റ് അടിയന്തിരമായ നടപടികൾ എടുക്കണം. 1982–83–ലെ റിപ്പോർട്ടിൽ തന്നെ കാലതാമസത്തെ സംബന്ധിച്ച് കമ്മീഷൻ വളരെ ശക്തമായി പറഞ്ഞിട്ടുണ്ട്. നിരവധി കാര്യങ്ങളിൽ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശങ്ങളെ ഗവൺമെന്റു over rule ചെയ്ത സംഭവങ്ങളുമുണ്ട്. കാലതാമസത്തെ സംബന്ധിച്ച് പി.എസ്.സി. റിപ്പോർട്ടിന്റെ ഏകദേശരൂപം പരിശോധിച്ചാൽതന്നെ വസ്തുത മനസ്സിലാകും. വർഷം തോറും 8 ലക്ഷത്തോളം അപേക്ഷകളാണ് സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷന്റെ മുമ്പാകെ പരിഗണനയ്ക്കു വരുന്നത്. എത്ര ശ്രമിച്ചാലും ഒരു വർഷത്തിൽ രണ്ടരലക്ഷത്തോളം അപേക്ഷകളാണ് പി.എസ്.സി. ക്ക് കൈകാര്യം ചെയ്യാൻ കഴിയുക. ഇന്നത്തെ കണക്കനുസരിച്ച് 20 ലക്ഷത്തോളം അപേക്ഷകൾ തീരുമാനമാകാതെ കെട്ടിക്കിടക്കുകയാണ്. ഏതെങ്കിലും ഉദ്യോഗത്തിന് അപേക്ഷ ക്ഷണിച്ചാൽ ആറുമാസത്തിനകം അതിന്റെ ലിസ്റ്റ് തയ്യാറാക്കാൻ കഴിയണം. ഇന്നത്തെ സ്ഥിതിയെന്താണ്? ഏതെങ്കിലും ഒരു ഉദ്യോഗത്തിന് അപേക്ഷ ക്ഷണിച്ചുകഴിഞ്ഞാൽ നാലുകൊല്ലം കഴിഞ്ഞിട്ടും അതിൻമേൽ തീരുമാനം എടുക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഇന്ന് നിരവധി ടെമ്പററി നിയമനങ്ങൾ നടത്തി, എന്തിനു വേണ്ടിയാണോ പി.എസ്.സി. ഉദ്ദേശിക്കപ്പെട്ടത് അതിന്റെ ലക്ഷ്യങ്ങൾ നിറവേറ്റപ്പെടാതെ പോവുകയാണ്. അതുകൊണ്ട് ഈ ദുഃസ്ഥിതി അവസാനിപ്പിക്കണം.

നമ്മുടെ പ്രധാനമന്ത്രി ശ്രീ. രാജീവ്ഗാന്ധി പി.എസ്.സി. യുടെ പ്രവർത്തനങ്ങളെ എങ്ങനെ മെച്ചപ്പെടുത്താൻ കഴിയും എന്നതിനെ സംബന്ധിച്ച് ചില ഡയറക്ടീവ്സ് അയച്ചതായാണ് അറിയാൻ കഴിഞ്ഞത്. ആ ഡയറക്ടീവ്സിന്റെ അടിസ്ഥാനത്തിൽ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനെ എത്രമാത്രം ഭംഗിയായി രൂപപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട് എന്ന് തീർച്ചയായിട്ടും മുഖ്യമന്ത്രി പറയും എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

യു.പി.എസ്.സി.യിൽ കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി അവർ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്ന കാര്യത്തിൽ യു.പി.എസ്.സി.യുടെ മാതൃക കെ.പി.എസ്.സി.ക്കും

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിൽ വരുത്താൻ കഴിയുമോയെന്ന് പരിശോധിക്കുന്നത് ഇതിന്റെ പ്രവർത്തനത്തെ കൂടുതൽ ശക്തമാക്കാൻ സഹായകരമായിത്തീരും.

മറ്റൊരു പ്രധാനപ്പെട്ട നിർദ്ദേശമുള്ളത്, കെ.എസ്.ആർ.ടി.സി., കെ.എസ് ഇ.ബി. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖാന്തിരമാണ് നിയമനങ്ങൾ നടക്കുന്നത്. ഡ്രൈവർ മാർക്കും കണ്ടക്ടർമാർക്കും മാത്രമായി ഒരു ടെസ്റ്റ് നടത്തുന്നതു മനസ്സിലാക്കാം. എന്നാൽ ക്ലർക്ക്, കാഷ്യർ, ടൈപ്പിസ്റ്റ്, സ്റ്റെനോ ഗ്രാഫർ ശിപായി തുടങ്ങിയ മിനിസ്റ്റീരിയൽ, ലാസ്റ്റ് ഗ്രേഡ് എംപ്ലോയീസിനുവേണ്ടിയുള്ള എല്ലാ നിയമനങ്ങൾക്കും എല്ലാ പൊതു മേഖലാസ്ഥാപനങ്ങൾക്കുംവേണ്ടി ഒരു പൊതുലിസ്റ്റ് തയ്യാറാക്കുന്നതായിരിക്കും നല്ലത്. ഓരോ പൊതുമേഖലാ സ്ഥാപനത്തിനും വേണ്ടി വെവ്വേറെ ലിസ്റ്റ് തയ്യാറാക്കുന്നതുകൊണ്ടും കാലതാമസമുണ്ടാകുന്നു. എന്നാൽ ഇതിന് ആവശ്യമായിട്ടുള്ള ബെയിസിക് ക്വാളിഫിക്കേഷൻസ് എല്ലാം ഒന്നാണ്. ശമ്പളത്തിലും സ്കെയിലിലുമെല്ലാം ചില വ്യത്യാസങ്ങൾ ഉണ്ടെന്നേയുള്ളൂതല്ലാതെ മറ്റു വ്യത്യാസങ്ങളൊന്നുമില്ല. അതുകൊണ്ടു പൊതുമേഖലാ സ്ഥാപനങ്ങളിലേക്കുള്ള നിരവധി പോസ്റ്റുകളിലേക്ക് ഒരു കൺസോളിഡേറ്റഡ് ലിസ്റ്റ് തയ്യാറാക്കി അതു അംഗീകരിക്കുന്നതായിരിക്കും നല്ലത്. ഓരോന്നിലും പ്രത്യേകം നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് അപേക്ഷകൾ ക്ഷണിക്കുന്നതുകൊണ്ടുള്ള നിരവധി കുഴപ്പങ്ങളും കാലതാമസവും ഒഴിവാക്കുന്നതിനുവേണ്ടി ആവശ്യമായ നടപടി സ്വീകരിക്കണം.

മറ്റൊരു നിർദ്ദേശം, പബ്ലിക് സർവ്വീസ് കമ്മീഷൻ എഴുത്തുപരീക്ഷ നടത്തുന്നതിനു പുറമേ ഒരു ഓറൽ ഇൻറർവ്യൂ കൂടി നടത്തുന്നുണ്ട്. ഓറൽ ഇന്റർവ്യൂവിന് നിശ്ചയിച്ചിരിക്കുന്ന മാർക്ക് 100 ശതമാനമാണ്. ഇതു അഴിമതിക്കു ഇടനൽകും. ഈ അടുത്തകാലത്തു സുപ്രീം കോടതിയിൽ നിന്നും ഒരു വിധിയുണ്ടായി. ഓറൽ ഇൻറർവ്യൂവിന്റെ മാർക്ക് 15 ശതമാനത്തിൽ കൂടുതൽ പാടില്ലായെന്നാണ് സുപ്രീം കോടതിയുടെ ഡയറക്ഷൻ. നമ്മുടെ യു.പി.എസ്.സി.ക്കു കൊടുത്ത നിർദ്ദേശമാണിത്. യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ ഐ.പി.എസ്., ഐ.എ.എസ്., ഐ.എഫ്.എസ്. തുടങ്ങിയുള്ള അഖിലേന്ത്യാ പരീക്ഷകൾക്കുപോലും ഇൻറർവ്യൂവിനു നിശ്ചയിച്ചിരിക്കുന്ന മാർക്ക് 15 ശതമാനമാണ്. അതുകൊണ്ട് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ 100 ശതമാനം മാർക്ക് എന്നുള്ളതു മാറ്റി 15 ശതമാനമായി കുറവു ചെയ്യണം.

സഹകാര്യ മേഖലയിലുള്ള അദ്ധ്യാപക നിയമനങ്ങളെല്ലാം ഇന്നു നടക്കുന്നത് ഗവൺമെൻറിന്റെ ചെലവിലാണ്. ആന്ധ്രാ പ്രദേശിൽ കോളേജ് അദ്ധ്യാപകർക്കു മാത്രമായി ഒരു കമ്മീഷനെ നിയമിച്ചു. സഹകാര്യമാനേജുമെൻറിന്റെ കീഴിലുള്ള സ്കൂളുകളിലേക്കും കോളേജുകളിലേക്കും അദ്ധ്യാപക നിയമനങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കാൻ പി.എസ്.സി. യിൽ ഒരു പ്രത്യേക വിഭാഗം സൃഷ്ടിക്കണം.

മറ്റൊരുകാര്യമുള്ളത് പിന്നോക്കസമുദായക്കാർക്കുള്ള റിസർവേഷൻ കൃത്യമായി പരിപാലിക്കുന്നുണ്ടോയെന്ന് ആരായണം. നാട്ടുകാരുടെയിടയിൽ ഇതൊരു സംസാരവിഷയമാണ്. അതുകൊണ്ട് നിയമനങ്ങളുടെ കാര്യത്തിൽ പിന്നോക്കസമുദായക്കാരുടെ പ്രത്യേകമായ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ലിസ്റ്റ് അടിയന്തിരമായി പ്രസിദ്ധപ്പെടുത്തുവാൻ മുഖ്യമന്ത്രി ആവശ്യമായ നടപടികൾ എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മൊത്തത്തിൽ പി.എസ്.സി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ അടിയന്തിരമായ നടപടികൾ എടുക്കണം. ഈ ചർച്ചയുടെ ലക്ഷ്യംതന്നെ അതിനുവേണ്ടിയുള്ളതാണ്. അതിന് പി.എസ്.സി.യെ സ്വയംപര്യാപ്തമാക്കണം; പി.എസ്.സി.ക്ക് കൂടുതൽ അധികാരങ്ങളും നൽകണം. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം.എം. ഹസ്സൻ: സർ, ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച റിപ്പോർട്ടിനെ ചർച്ചചെയ്തുപറയുന്നത് 'ചത്ത കൊച്ചിന്റെ ജാതകം' നോക്കുന്നതുപോലെയാണ്. 1982-83-ലെ റിപ്പോർട്ടിനെക്കുറിച്ചാണ് അദ്ദേഹം ചർച്ച അവതരിപ്പിച്ചത്. അതിനു ശേഷം രണ്ടു ചെയർമാൻമാർ പബ്ലിക് സർവ്വീസ് കമ്മീഷനിൽ മാറി വരുകയുണ്ടായി. പി.എസ്.സി.യുടെ റിപ്പോർട്ട് എല്ലാ വർഷവും ജൂലൈ 15-ാം തീയതി ഗവർണ്ണർക്കു സമർപ്പിക്കണമെന്നാണ് അറിയാൻ കഴിയുന്നത്. അത് നിർബന്ധമാണ്. ആ റിപ്പോർട്ട് 1982-83-നു ശേഷം ഈ നിയമസഭയ്ക്ക് കിട്ടിയിട്ടില്ല. അതു കിട്ടാനുള്ള നടപടി എടുക്കണം. എന്തുകൊണ്ടും പി.എസ്.സി.യെക്കുറിച്ചുള്ള ചർച്ച സ്വാഗതം ചെയ്യാവുന്നതാണ്. പി.എസ്.സി.യുടെ വിശ്വാസ്യതയും അതിന്റെ സ്വതന്ത്ര സ്വഭാവവും ശക്തിപ്പെടുത്തുകയെന്നുള്ളത് ഈ ഗവൺമെന്റിന്റെ നയമാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന പാർട്ടിയുടെ കാഴ്ചപ്പാടും അതാണ്. ഈ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്ന കാര്യത്തിൽ ഫലപ്രദമായി പ്രവർത്തിക്കേണ്ട ഒരു സ്ഥാപനമാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ. അതിന്റെ വിശ്വാസ്യത വളരെയധികം വർദ്ധിക്കണം. അതിന് പി.എസ്.സി.യിൽ മാറിമാറിവരുന്ന മെമ്പർമാരും ചെയർമാൻമാരുമെല്ലാം, സംശുദ്ധമായ പശ്ചാത്തലത്തിൽ ജീവിതം നയിക്കുന്ന ആളുകളായിരിക്കണം. ഈ കാര്യത്തിൽ വളരെ നിർബന്ധപൂർവ്വമായ ഒരു സമീപനം സ്വീകരിക്കണം.

ഇന്ന് നമ്മുടെ രാജ്യത്ത് തൊഴിലില്ലാത്തവർ പി.എസ്.സി.യെ വളരെ പ്രതീക്ഷയോടുകൂടി ഉറ്റു നോക്കുന്നു. 24 ലക്ഷം അപേക്ഷകരാണ് പി.എസ്.സി.യിൽ പെൻറിങ്ങാണ്. ഇന്ന് പ്രധാനമായിട്ട് ആളുകളെ നിയമിക്കാനുള്ള തടസ്സം ആവശ്യമായ സ്റ്റാഫില്ലായെന്നുള്ളതാണ്. ഡിസ്ട്രിക്ട് തലത്തിൽ സംക്ഷിപ്തമായ റിക്രൂട്ടിങ്ങ് ഏർപ്പെടുത്തിയിട്ടുണ്ട്. എങ്കിലും അതിന് ആവശ്യത്തിനുള്ള സൂപ്പർവൈസറി സ്റ്റാഫിനെ ഇതുവരെ കൊടുത്തിട്ടില്ല. പി.എസ്.സി. അധികൃതർതന്നെ ഗവൺമെന്റിന്റെ മുമ്പിൽവച്ചിട്ടുള്ള നിർദ്ദേശം, യു.പി.എസ്.സി.യിലുള്ളതുപോലെ ടെമ്പററി സ്റ്റാഫിനെ നിയമിക്കാനുള്ള അധികാരം കൊടുക്കണമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്, പി.എസ്.സി. ഗവൺമെന്റ് തലത്തിൽ ചർച്ച നടത്തിയ അവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ അതിന് നടപടിയെടുക്കാമെന്ന് ഉറപ്പു നൽകിയിട്ടുണ്ടെന്നാണ്. അങ്ങനെയാണെങ്കിൽ ഓരോ സന്ദർഭങ്ങളിലും വർക്ക് കൂടുതലുള്ള അവസരങ്ങളിൽ ടെമ്പററി സ്റ്റാഫിനെ നിയമിച്ചാൽ ഈ അപേക്ഷകൾ പ്രോസസ് ചെയ്യാൻ സാധിക്കും. ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ പറഞ്ഞതുപോലെ, നമ്മുടെ എല്ലാ നിയമ

10 A.M.]

LIBRARY ARCHIVES Kerala Legislative Assembly

നങ്ങളും പി.എസ്.സി.ക്ക് വിട്ടു കൊടുത്തിരിക്കുകയാണ്. കോർപ്പ റേഷനുകളും, ലോക്കൽബോഡീസ്, മറ്റു പൊതുമേഖലാസ്ഥാപനങ്ങളും എന്നിവയിലെ നിയമനങ്ങളും എല്ലാം പി.എസ്.സി.ക്ക് ആണ്. ഓരോ തസ്തികകൾക്കും ക്വാളിഫിക്കേഷൻ ഫിക്സ് ചെയ്യണം. ഇവിടെ കെ. എസ്. ആർ. ടി. സി. ക്ക് ഒരു ക്വാളിഫിക്കേഷൻ, കെ.എസ്.ഇ.ബി.ക്ക് ഒരു ക്വാളിഫിക്കേഷൻ, ഗവൺമെൻറ് ഓൺഡ് കമ്പനികൾക്ക് ഒരു ക്വാളിഫിക്കേഷൻ എന്നുള്ള സ്ഥിതി പാടില്ല. ഗവൺമെൻറിൽതന്നെ ക്വാളിഫിക്കേഷനെ സംബന്ധിച്ച് സംശയങ്ങൾ ചോദിച്ചാൽ നൽകുന്നതിന് കാലതാമസം വരുന്നു. അതിന്റെ ഫലമായിട്ട് നിയമനത്തിൽ ഒരുപാട് തടസ്സങ്ങൾ ഉണ്ടാകുന്നു. പി.എസ്.സി.യും ബഹുജനങ്ങളും തമ്മിലുള്ള ബന്ധം വളരെ പ്രധാനമായിട്ട് നിലനിർത്തുന്നതിന് ഒരു ഇൻഫർമേഷൻ സെൻറർ വേണം. പരീക്ഷകളെക്കുറിച്ചെല്ലാം ജനങ്ങൾക്ക് അറിവ് കിട്ടുന്നതിന് ഒരു ഇൻഫർമേഷൻ സെൻറർ ഉണ്ടാകണം.

മറെറാരു പ്രധാനപ്പെട്ട കാര്യം, പി.എസ്.സി.യുടെ ഫോമുകൾ സമയത്തിന് കിട്ടുന്നില്ല. ചെറുപ്പക്കാരായ ഉദ്യോഗാർത്ഥികളെ സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണിത്. ഈ ഫോമുകൾ ഗവൺമെൻറ് പ്രസ്സിലാണ് പ്രിൻറ് ചെയ്യുന്നത്. റിപ്പോർട്ടാക്കം പ്രിൻറ് ചെയ്തു കൊടുക്കാൻ സാധിക്കാത്തത്, ഗവൺമെൻറ് പ്രസ്സിൽ മറെറ് പ്രിൻറിങ്ങിനോടൊപ്പം ഇതും പ്രിൻറിങ്ങ് നടത്തുന്നതുകൊണ്ടാണ്. എന്റെ നിർദ്ദേശം പി.എസ്.സി.യുടെ കീഴിൽ ഒരു പ്രത്യേക പ്രസ്സുണ്ടാകണമെന്നാണ്. ഇപ്പോഴും ആവശ്യത്തിന് ഉള്ള പ്രിൻറിങ്ങ് ഉണ്ട്. ഈ ഫോമുകൾ കിട്ടാതെ തൊഴിൽ രഹിതരായ ചെറുപ്പക്കാർ വളരെയധികം ബുദ്ധിമുട്ടുകയാണ്. അതുപോലെ സെലക്ഷൻ പ്രോസസ് വർദ്ധിച്ചു വരികയാണ്. യു.പി.എസ്.സി.ക്ക് സമാനമായ രീതിയിൽ നമ്മുടെ സംസ്ഥാനത്ത് എണ്ണം വർദ്ധിച്ചുവരികയാണ്. ഒരു സെലക്ഷൻ പ്രോസസ് ആധുനീകരിക്കാനുള്ള നടപടികൾ എടുക്കണം. നമ്മുടെ പ്രധാനമന്ത്രിതന്നെ എല്ലാം ആധുനീവൽക്കരിക്കാനുള്ള ശ്രമങ്ങളിലാണ്. അതോടൊപ്പം സെലക്ഷൻ പ്രോസസ് സിംപ്ലിഫൈ ചെയ്യണം. ഈ സ്റ്റാഫിനെ വച്ചുകൊണ്ട് എങ്ങനെ ഫലപ്രദമായി പ്രവർത്തിക്കാമെന്നുള്ളതിന് മാനേജ്മെൻറ് എക്സ്പർട്ടിസിനെക്കൊണ്ട് പഠനം നടത്തണം.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. രാഘവൻ പൊഴക്കടവിൽ]

അതുപോലെ പി.എസ്.സി.യുടെ ആട്ടോണമി എന്നു പറയുമ്പോൾ, നിയമനത്തിൽ മാത്രമല്ല, ഫിനാൻസ് ആട്ടോണമി കൊടുക്കണം. ഒരു ടൈപ്പുറൈറിങ്ങ് മെഷീൻ വാങ്ങണമെങ്കിൽ ഗവൺമെൻറിന്റെ അനുവാദത്തിനുവേണ്ടി ഗവൺമെൻറിന്റെ പിന്നാലെ നടക്കണം. ഇത് ഗവൺമെൻറ് ഡിപ്പാർട്ടുമെൻറല്ല, ഫിനാൻസ് ആട്ടോണമി അവർക്ക് കൊടുക്കണം. അതുപോലെ പരീക്ഷകൾക്ക് റെമ്യൂനറേഷൻ കൊടുക്കുന്ന കാര്യം. ബാങ്കുകൾ, കമ്പനികൾ എന്നിവയെല്ലാം വലിയ തുകകൾ റെമ്യൂനറേഷൻ കൊടുക്കുന്നു. ഈ തുച്ഛമായ റെമ്യൂനറേഷൻ കൊടുക്കുന്ന പി.എസ്.സി.ക്കു വേണ്ടി ടെസ്റ്റ് നടത്താനും പേപ്പർ വാല്യൂ ചെയ്യാനും നമ്മുടെ ആളുകൾ തയ്യാറാകുന്നില്ല. അതുകൊണ്ട് അതിന്റെ റെമ്യൂനറേഷൻ കൂട്ടണം.

ഉദ്യോഗാർത്ഥികളെ സഹായിക്കുന്നതോടൊപ്പംതന്നെ ഉദ്യോഗത്തിലുള്ള ആളുകളെയും സഹായിക്കണം. ഒരുകാര്യം എനിക്ക് പറയാനുള്ളത് ഡി.പി.സി. കൂടുന്നതിനെക്കുറിച്ചാണ്. അഗ്രിക്കൾച്ചറൽ

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെന്റിൽ 1973–നുശേഷം ഡി.പി.സി. കൂടിയിട്ടില്ല. ഗവൺമെന്റ് സെക്രട്ടറിമാരോ ഡിപ്പാർട്ടുമെന്റ് ഹെഡ്സോ ഇതിന്റെ കൺവീനർമാരാണ്. സർക്കാർ ജീവനക്കാരെ സംബന്ധിച്ചിടത്തോളം ഇത് ഒരു അക്ഷന്തവ്യമായ അപരാധമാണ്. കാലതാമസം കൂടാതെ ഡി.പി.സി. കൂടുന്നതിനും, ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ ഡിസിപ്ലിനറി ആക്ഷൻ നടപ്പിലാക്കുന്നതിനും കാലതാമസം പാടില്ല. ഈ രാജ്യത്തെ തൊഴിലില്ലാത്ത ചെറുപ്പക്കാരെ സഹായിക്കാൻ ഈ സ്ഥാപനം ഉപകാരപ്പെടണം. പി.എസ്.സി. യുടെ ലിസ്റ്റുകൾ നിലവിലുള്ളപ്പോൾ അതിനെ മറികടന്നുകൊണ്ട് താൽക്കാലിക നിയമനം നടത്തുന്നത് തൊഴിൽരഹിതരായ ചെറുപ്പക്കാരുടെ കഴുത്തിന് പിടിച്ച് ഞെരിക്കുന്നതിന് തുല്യമാണ്. അതുകൊണ്ട് പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം. ഈ രാജ്യത്തെ ചെറുപ്പക്കാർ 'മഴ കാത്തു നിൽക്കുന്ന വേഴാമ്പലിനെപ്പോലെ' ഒരു അഡ്വൈസ് മെമ്മോ കിട്ടാൻവേണ്ടി, ഒരു തൊഴിൽ കിട്ടാൻവേണ്ടി പ്രാർത്ഥിച്ചു കഴിയുകയാണ്. അവർക്ക് ആശ്വാസം നൽകുന്നതിന് ശക്തമായ നടപടികൾ എടുക്കുന്നതിന് ഈ ചർച്ച ഉപകരിക്കുമെന്ന് ഞാൻ പ്രത്യാശിക്കുകയാണ്.

ശ്രീ. ഇ. പത്മനാഭൻ: സർ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ റിപ്പോർട്ടുകൾ നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് വരുന്ന അക്ഷന്തവ്യമായ കാലതാമസത്തെ സംബന്ധിച്ച്. ഇതിനുമുമ്പുള്ള നിയമസഭാസമ്മേളനത്തിൽത്തന്നെ ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിച്ചതാണ്. അതിനെത്തുടർന്ന് 1983 വരെയുള്ള റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വച്ചുകഴിഞ്ഞിരിക്കുകയാണ്. ഈ റിപ്പോർട്ട് യഥാസമയം വയ്ക്കുകയെന്നുള്ളതു മാത്രമല്ല, പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം നിയമസഭയിൽ ഒരു പരിശോധന നടത്തുന്നതിനുള്ള ഒരു നല്ല അവസരം കൂടിയാണിത്. ഇതിൽ നിയമസഭയുടെ മുമ്പിൽ അവരുടെ ചെയ്തികളെ സംബന്ധിച്ച്, പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ന്യായമായ ഒരു കണക്ക് പറയാൻ ബാദ്ധ്യസ്ഥമാണ്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സ്ഥിതിയെസംബന്ധിച്ച് വിശേഷിച്ച് വിശദീകരിക്കണമെന്നില്ല. ഇതിനെക്കുറിച്ച് മുമ്പു സംസാരിച്ച ശ്രീ. ഹസ്സനും വർക്കല രാധാകൃഷ്ണനും സൂചിപ്പിച്ചതാണ്. ഓരോ വർഷവും എട്ടും പത്തും ലക്ഷം അപേക്ഷകളാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിക്കുന്ന പരസ്യത്തിന് മറുപടിയായി നമ്മുടെ നാട്ടിലെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്നത്. ഇത്രയും അപേക്ഷകൾ വരുന്നതുകൊണ്ട് പൂർണ്ണമായി എന്നർത്ഥമില്ല. നമ്മുടെ സർവ്വീസിൽ ഇന്ന് കാണുന്ന സ്ഥിതിയെന്താണ്? താൽക്കാലിക ജീവനക്കാരെ വർഷക്കണക്കിന് ജോലിയിൽ തുടരാൻ അനുവദിക്കുന്നു. പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിബന്ധനയനുസരിച്ച് സ്പെഷ്യൽ റൂളും റിക്രൂട്ട്മെന്റ് മെത്തേഡും നിശ്ചയിച്ചിട്ടുള്ള സ്ഥലത്ത് വേക്കൻസി ഉണ്ടായിട്ടും റിക്രൂട്ട്മെന്റ് നടത്താത്തതിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്ന സ്ഥിതി തുടർന്നുപോകുന്നു. ഏത് സ്ഥലത്തും ഒഴിവുള്ള തസ്തികകൾ ഉണ്ടെങ്കിൽ അതിന് റാങ്ക് ലിസ്റ്റ് ഉണ്ടാകില്ല. റാങ്ക് ലിസ്റ്റ് ഉള്ള സ്ഥലത്ത് ആണെങ്കിൽ ഗവൺമെന്റ് ഇടപെട്ട് നിയമിക്കേണ്ടായെന്ന് പറയും. അത് ചെലവ് ചുരുക്കലിന്റെ പേരിലായാലും സാമ്പത്തിക പ്രയാസത്തിന്റെ പേരിലായാലും പബ്ലിക് സർവ്വീസ് കമ്മീഷൻ എന്തി

LIBRARY ARCHIVES Kerala Legislative Assembly

നുവേണ്ടിയാണോ ഉദ്ദേശിക്കപ്പെട്ടത് ആ സ്ഥലത്ത് പി.എസ്.സി.ക്കാരെ മാത്രമേ നിയമിക്കാനുള്ള തടസ്സമുള്ളൂ. അല്ലാതെ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് ഇപ്പോഴും തടസ്സമില്ല. താൽക്കാലിക് ജീവനക്കാർ വർഷങ്ങളായി സർവ്വീസിൽ തുടർന്നുകൊണ്ടിരിക്കുകയാണ്. അവർക്ക് ഇന്ന് അതൊരു മാനുഷിക പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. എന്താണിങ്ങനെ വരുന്നത്, ഇതിന് എന്താണ് ഒരു പരിഹാരമെന്നുള്ളതിനെ സംബന്ധിച്ച് ആലോചിക്കാൻ ഇന്നുവരെ ഗവൺമെന്റ് സന്നദ്ധത കാണിച്ചിട്ടില്ല. എല്ലാ പബ്ലിക് സർവ്വീസ് കമ്മീഷനുകളിലും ഉള്ളതുപോലെ ഒരു റാങ്ക് ലിസ്റ്റ് വന്നാൽ ഒരു കാലഘട്ടം കഴിഞ്ഞാൽ അടുത്ത ലിസ്റ്റ് തയ്യാറാകുന്നതുവരെ പഴയ ലിസ്റ്റിൽനിന്ന് നിയമനം നടത്തണം. കൃത്യമായി ആയിരവും പതിനായിരവും കണക്കിന് തസ്തികകളും ഉള്ള ഡിപ്പാർട്ടുമെന്റുകളിലെ കാറ്റഗറിയെ സംബന്ധിച്ച് വരാവുന്ന ഒഴിവുകളെ മുൻകൂട്ടി കണക്കാക്കിക്കൊണ്ട് പത്തു ശതമാനം, പതിനഞ്ച് ശതമാനം വ്യക്തമായ ഒഴിവുണ്ടാകുമെന്നുള്ള കണക്കിൽ റിക്രൂട്ട്മെന്റ് യഥാകാലം നടത്തുന്ന ഒരു സമ്പ്രദായം പി.എസ്.സി. ആവിഷ്ക്കരിക്കണം. ഒരു പുതിയ ലിസ്റ്റ് വന്നു കഴിഞ്ഞാൽ കഴിഞ്ഞ ലിസ്റ്റിൽ ഇനി ആരെങ്കിലും നിയമനം കിട്ടാതെ അവശേഷിച്ചിട്ടുണ്ടെങ്കിൽ ആ ലിസ്റ്റ് മാത്രമാണ് ലാപ്സാകുന്നത്. ഒരുകൊല്ലമെന്നുള്ള കാലാവധിയില്ല. അടുത്ത ഒരു ലിസ്റ്റ് വരുന്നതുവരെ ആ ഡിപ്പാർട്ടുമെന്റിലെ കാറ്റഗറിയിൽ പ്രവർത്തനം നടക്കണമെങ്കിൽ ആവശ്യമുള്ള ആളുകളെ നിയമിക്കാൻ കഴിയണം. അതുകൊണ്ട് ലിസ്റ്റിന്റെ ആയുസ്സ് നിശ്ചയിക്കുന്നതിൽ ഒരു പുനഃപരിശോധന ആവശ്യമാണ്. എന്നാൽമാത്രമേ പബ്ലിക് സർവ്വീസ് കമ്മീഷൻ കൊണ്ടുദ്ദേശിക്കുന്ന കാര്യങ്ങൾ നടത്താൻ കഴിയുകയുള്ളൂ.

ഗവൺമെന്റ് ഇന്ന് നിയമനം നടത്തേണ്ടായെന്ന് സ്റ്റേറ്റ് കൊടുക്കുന്ന സമയത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും അല്ലാതെയും നടത്തുന്ന നിയമനങ്ങൾ നിർബാധം തുടരാൻ അനുവദിക്കുകയും പി.എസ്.സി.യുടേതിന് അനുവാദം നൽകാതെയുമിരിക്കുകയാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ അതിന്റെ സർവ്വീസ് റൂളിൽ പറഞ്ഞിട്ടുള്ള രേണഘടനാപരമായ കർത്തവ്യങ്ങൾ നിർവ്വഹിക്കാൻ പ്രാപ്തമാണോയെന്നുള്ളത് ഏറ്റവും പ്രധാനമായ ഒരു പ്രശ്നമാണ്. കഴിഞ്ഞ 35 വർഷക്കാലമായുള്ള നിരവധി കോടതി ജഡ്ജ്മെന്റുകളുടേയും നിയമനങ്ങളുടേയും അടിസ്ഥാനത്തിൽ ഗവൺമെന്റിന് സർവ്വീസ് സംബന്ധമായ കാര്യങ്ങളിൽ ഒരു എക്സ്പെർട്ട് ഒപ്പിനിയൻ കൊടുക്കേണ്ട ഒരു എക്സ്പെർട്ട് ബോഡിയാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ. ആ പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് ഒന്നു തിരിഞ്ഞുനോക്കിയാൽ നിയമപരമായും അതുപോലെ സിവിൽ സർവ്വീസിനെ സംബന്ധിച്ചും ഒരു ഉൾക്കാഴ്ചയോടുകൂടി സിവിൽ സർവ്വീസിന്റെ ഘടനയെക്കുറിച്ചും സ്വഭാവത്തെക്കുറിച്ചും കടമകളെക്കുറിച്ചും എന്തെങ്കിലും ധാരണയുള്ളവരെയാണോ ഇതിന്റെ അംഗങ്ങളായി എടുക്കുന്നതെന്ന് പരിശോധിച്ച് നോക്കേണ്ടതാണ്. യാതൊരു വിധത്തിലുമുള്ള നിയമപരിജ്ഞാനമോ മറ്റു ധാരണകളോ ഉള്ളവരെയല്ല നിയമിക്കുന്നത്. ഇനി പുതിയതായി ആളുകളെ ജോലിയിൽ നിർണ്ണയിക്കുന്നതിന് കാര്യക്ഷമതയുള്ളവരെ എടുക്കണമെങ്കിൽ അതിന് ആവശ്യമുള്ള വിദ്യാഭ്യാസയോഗ്യതയും കാര്യക്ഷമതയും പരിശോധിക്കാൻവേണ്ടി ഏതെങ്കിലും സാങ്കേതിക പരിജ്ഞാനമുള്ളവർ

LIBRARY ARCHIVES Kerala Legislative Assembly

വേണം. തികഞ്ഞ സ്വജനപക്ഷപാതവും അഴിമതിയുമാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്നത്. വിവിധ തസ്തികകളിൽ തിരഞ്ഞെടുപ്പു നടത്തുന്ന സമയത്ത് അതിനുവേണ്ടിയുള്ള എക്സ്പെർട്ടുകളെ എക്സാമിനറെ ഒക്കെ നിയമിക്കുന്ന മാനദണ്ഡം പരിശോധിക്കണം. മെമ്പർമാരുടെ ആളുകൾക്കും പ്രീതിപ്പെട്ടവർക്കും മാത്രം സേവനം ചെയ്യുന്നതിനുവേണ്ടിയാണ് ഇന്ന് ഇത് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് മനസ്സിലാക്കാം. പരീക്ഷകൾ നടത്തുന്നതിലെല്ലാം ഗവൺമെന്റ് ഇടപെട്ടേ മതിയാകൂ. അപേക്ഷ കൊടുക്കുന്ന വിദ്യാസമ്പന്നരായ ആളുകൾക്ക് ന്യായമായ ഒരു ജോലി കിട്ടണമെങ്കിൽ പബ്ലിക് സർവ്വീസ് കമ്മീഷനിലൂടെ മാത്രമേ സാധിക്കുകയുള്ളു. മറ്റെവിടെ ചെന്നാലും ആയിരക്കണക്കിനും ലക്ഷക്കണക്കിനും രൂപ കൈക്കൂലി കൊടുത്താലേ ജോലി കിട്ടുകയുള്ളു. പഠിച്ചവർക്കും യോഗ്യതയുള്ളവർക്കും, ഒരു ജോലി കിട്ടണമെങ്കിൽ അതിനുള്ള ഏക മാർഗ്ഗം ഇതാണ്.

ഇവിടെ സംവരണ തത്വത്തെപ്പറ്റി പറഞ്ഞു. ഇത്തരം ജോലി ഒഴിവുള്ള എല്ലാ രംഗങ്ങളും എടുത്തു പരിശോധിച്ചാലും, അവിടെയൊന്നും സംവരണതത്വം പാലിക്കുന്നില്ല. സ്വകാര്യ മേഖലയിലും പൊതു മേഖലയിലും അത് പാലിക്കാൻ കഴിയുന്നുണ്ടോ? നമ്മൾ എല്ലാ പിന്നോക്ക സമുദായക്കാരെയും കമ്മീഷന്റെ ചെയർമാൻവരെയാക്കി പരിശോധിച്ചു. ഇപ്പോഴും അപ്പുറത്തിരിക്കുന്ന ശ്രീ. സീതിഹാജി പറഞ്ഞു കേട്ടു, പിന്നോക്കവിഭാഗത്തിലുള്ളവർക്കു പ്രാതിനിധ്യമില്ലായെന്ന്, ഏതെങ്കിലും രണ്ടു ജാതിക്കാരെ അല്ലെങ്കിൽ പിന്നോക്ക വിഭാഗക്കാരെ കമ്മീഷന്റെ സ്ഥാനത്തു വച്ചു എന്നുള്ളതുകൊണ്ടോ മുന്നോക്കക്കാരെ വച്ചു എന്നുള്ളതുകൊണ്ടോ കമ്മീഷന്റെ പ്രവർത്തനം തൃപ്തികരമായി എന്നുള്ള സമാധാനത്തിലിരിക്കുകയാണ് ഇപ്പോഴും സർക്കാർ. ഈ കഴിഞ്ഞ കാലത്തെ പ്രവർത്തനങ്ങളും എടുത്തു പരിശോധിച്ചും നോക്കിയാൽ അത് തെറ്റായ അവകാശവാദങ്ങളാണെന്ന് മനസ്സിലാക്കാൻ കഴിയും. കേരളത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ കാര്യം പറഞ്ഞിട്ടുള്ളത് ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

ഇവിടെ പൊതുമേഖലയിലാണ്. എന്തെങ്കിലും തൊഴിൽ സാദ്ധ്യതയുള്ളത്. ഇൻഡ്യയിലുടനീളം അങ്ങനെയാണ്. സ്വകാര്യ മേഖല എടുത്തു നോക്കിയാൽ അഞ്ചു പഞ്ചവൽസര പദ്ധതികളുടെ റിവ്യൂ വന്നിരിക്കുകയാണ്. ഒന്നേകാൽ ലക്ഷം തൊഴിലാളികൾക്ക് ഒരു കൊല്ലം സ്വകാര്യമേഖലയിൽ തൊഴിൽ ഉണ്ടാകുന്നുവെങ്കിൽ ഇൻഡ്യയിൽ പൊതുമേഖലയിൽ നാലേമുക്കാൽ ലക്ഷംപേർക്ക് തൊഴിൽ ഉണ്ടാകുന്നു എന്നാണ് കണക്ക്. ആ രീതിയിൽ എടുത്തു പരിശോധിച്ചു നോക്കിയാൽ പൊതു മേഖലയിലാണ് തൊഴിലിനുള്ള സാദ്ധ്യത വളർന്നു വരുന്നത്. കേരളത്തിൽ പൊതു മേഖലയിൽ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള ഒരു അവസരം പബ്ലിക് സർവ്വീസ് കമ്മീഷനിലൂടെയാണ്. ചില സ്ഥാപനങ്ങളിൽ ഇന്നും അതെത്തിയിട്ടില്ല. പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ അത് കൊണ്ടുവന്നിട്ടില്ല. അതു കൊണ്ടു വരാൻ ഗവൺമെന്റു ശ്രമിക്കണം. ഇന്നുള്ള തൊഴിൽ സാദ്ധ്യതകൾക്ക് ഏക അവസരം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ്. അതിനുള്ള ന്യായമായ ഒരു പ്രവർത്തന സംവിധാനം കൊണ്ടു വരേണ്ട കാര്യത്തിൽ സർക്കാർ ഉദാസീനത കാണിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയമായിട്ടുള്ള ചില നീക്കുപോക്കുകളുടെയും ഒത്തു തീർപ്പുകളുടെയും അടിസ്ഥാനത്തിൽ ചില ആൾക്കാരെ അത്തരം സ്ഥാപനങ്ങളിൽ നിയമിക്കുകയല്ലാതെ ഭരണഘടനാപരമായ മാറ്റങ്ങൾ കൊണ്ട് ബാദ്ധ്യത നിർവ്വഹിക്കാൻ കഴിയുന്നില്ല. പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽപ്പെട്ട ജീവനക്കാരെ വിവിധ കോർപ്പറേഷനുകളിലേക്കും സ്ഥാപനങ്ങളിലേക്കും മാറ്റുന്നു. ഉദാഹരണമായി, നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം.പി. ഗംഗാധരൻ വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി രൂപീകരിച്ച സമയത്ത് പബ്ലിക് സർവ്വീസ് കമ്മീഷൻ റിക്രൂട്ട് ചെയ്ത് നിയമിച്ച ജീവനക്കാരെയാണ് ഇവിടേക്ക് മാറ്റി നിയമിച്ചത്. അവർക്ക് മുമ്പ് ഉണ്ടായിരുന്നതിൽനിന്ന് ദോഷകരമല്ലാത്ത വ്യവസ്ഥകൾ ഉണ്ടായിരിക്കുന്നു എന്നുള്ളത് പുതിയ വ്യവസ്ഥകൾ ഉണ്ടാക്കുമ്പോൾ പാലിക്കേണ്ടതായിരുന്നു. ഇതുവരെ അവരുടെ സേവന വ്യവസ്ഥകൾ പരിപാലിച്ചിരുന്ന പബ്ലിക് സർവ്വീസ് കമ്മീഷൻ, ഭരണ ഘടനാപരമായ ബാദ്ധ്യതകൾ ഉണ്ടായിരുന്നു. പബ്ലിക് സർവ്വീസ് കമ്മീഷന്റെ കൺകറൻസോടുകൂടി ഇന്ന് നിലവിലുള്ളതിലും മോശമല്ലാത്ത വ്യവസ്ഥകൾ ഉണ്ടാക്കി എന്നു വരുത്തണം. അങ്ങനെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ കൺസൾട്ടേഷൻ വിവിധ രംഗങ്ങളിൽ ആവശ്യമുള്ളത് നടത്തുന്നില്ല. പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിക്കുന്ന അതിന്റെ റിപ്പോർട്ട് എടുത്തു പരിശോധിച്ചാൽ ഗവൺമെൻറ് ചെയ്യേണ്ട ബാദ്ധ്യതകൾ ചെയ്യാത്തതിനെ പരാമർശിച്ചിട്ടുള്ളത് കാണാൻ സാധിക്കും. രാഷ്ട്രീയമായ വിധേയത്വത്തോടുകൂടി, അനർഹമായവരെ അനർഹമായ സ്ഥാനങ്ങളിൽ പിടിച്ചിരുത്തിയതുകൊണ്ട് അവർക്ക് സർക്കാരിനരോചകമായ കാര്യങ്ങൾ പറയാൻ വിഷമമായിരിക്കും.

അച്ചടക്കനടപടിയുടെ കാര്യത്തിൽ വർഷങ്ങളായി എടുത്തിട്ടുള്ള കേസുകൾ അവസാന തീരുമാനം എടുക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷന്റെ കൺകറൻസ് വേണമെന്നുണ്ടെങ്കിൽ അതിന് വളരെയേറെ വർഷങ്ങളെടുക്കും. ഇപ്പോൾ ഇവിടെ ശ്രീ. സി.ജെ. ജോസഫിനെ കെ.എസ്.ആർ. 60 (എ) അനുസരിച്ച് പിരിച്ചു വിട്ടു. ഇതിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ കൺകറൻസ് വാങ്ങിയിട്ടില്ല. പബ്ലിക് സർവ്വീസ് കമ്മീഷൻ ഇതുവരെ ആർക്കെങ്കിലും ജോലികൊടുക്കാൻ ചില രാഷ്ട്രീയ ഒത്തു തീർപ്പുകൾക്കോ നീക്കുപോക്കുകൾക്കോ വേണ്ടിയുള്ള ഒരു സ്ഥാനമായി മാറ്റി വച്ചിരിക്കുകയാണ്. ഭരണഘടനാപരമായ നിയമ വ്യവസ്ഥ അനുസരിച്ചു ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നില്ല. ഈ സ്ഥാപനം ശരിയായി പ്രവർത്തിക്കാനുള്ള എന്തെങ്കിലും സംവിധാനം ഇന്നുണ്ടോ?

ശ്രീ. ഹസ്സൻ താൽക്കാലിക ജീവനക്കാരെക്കുറിച്ച് പറഞ്ഞു. അധികം ജോലിയുള്ള സമയത്ത്—എസ്.എസ്.എൽ.സി. പരീക്ഷ നടക്കുന്നസമയത്ത്—എല്ലാം ഡെയിലി വേജസിന് ആളുകളെ നിയമിച്ചുകൊണ്ടല്ലേ ടാബുലേഷനും മറ്റു ജോലികളും ചെയ്യുന്നത്? ലക്ഷക്കണക്കിന് അപേക്ഷകൾ പബ്ലിക് സർവ്വീസ് കമ്മീഷൻ ആഫീസിൽ കെട്ടിക്കിടക്കേണ്ട ആവശ്യമുണ്ടോ? പബ്ലിക് സർവ്വീസ് കമ്മീഷൻ ഇന്ന് എത്ര ആളുകളെയാണ് ഇൻറർവ്യൂവിന് വിളിക്കുന്നത് ഏഴ് ആളുകളെ നിയമിക്കാൻ വേണ്ടി ഏഴായിരം പേരെ വിളിക്കുന്ന ഏർപ്പാടാണ് ഇന്നുള്ളത്. ഇൻറർവ്യൂവിന് വന്നാൽ പത്തു പേർക്കു ഇരിക്കാനുള്ള സ്ഥലം അവിടെയില്ല. ഈ രീതിയിൽ എല്ലാംകൊണ്ടും, ഉദ്യോഗാർ

LIBRARY ARCHIVES Kerala Legislative Assembly

ത്ഥികൾക്ക്, അപേക്ഷകർക്ക്, പബ്ലിക് സർവ്വീസ് കമ്മീഷൻ ഇന്ന് നരകമാണ് എന്നുള്ള അവസ്ഥയിൽ എത്തിയിരിക്കുകയാണ്. നിയമപരമായ യാതൊരു ബാദ്ധ്യതയും നിർവ്വഹിക്കാൻ പര്യാപ്തമായ ഒരു സംവിധാനം അവിടെയില്ല. അങ്ങനെ വേണമെന്ന് നിർബന്ധിക്കാൻ ഗവൺമെൻറ് തയ്യാറല്ല. സ്വന്തം ഭരണഘടനാപരമായ ബാദ്ധ്യതകൾ നിർവ്വഹിക്കാൻ മാത്രം ഒരു ഉയർന്ന നിലവാരത്തിലേക്കു പബ്ലിക് സർവ്വീസ് കമ്മീഷൻ ഉയരുന്നുമില്ല എന്നതാണ് ദുഃസ്ഥിതിയാണ്. അവിടെ ആകെ നടക്കുന്നത് അഴിമതിയും സ്വജനപക്ഷപാതവുമാണ്. അവർക്ക് ആവശ്യമുള്ളവരെ സംരക്ഷിക്കാൻ വേണ്ടിയുള്ള ഏർപ്പാടുമാത്രമാണ് അവിടെ നടക്കുന്നത്. അതിനെല്ലാമുള്ള എല്ലാ ഏർപ്പാടുകളും അവിടെ നടക്കുന്നുണ്ട്.

പോലീസ് ഇൻസ്പെക്ടർമാരുടെ നിയമനത്തിലാണെങ്കിലും പബ്ലിക് സർവ്വീസ് കമ്മീഷനാണെങ്കിലും ഇവിടെ മറ്റു പലരുടെയും ശുപാർശകളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇത്തരം അവിഹിതമായിട്ടുള്ള ഏർപ്പാടുകൾ അവസാനിപ്പിക്കുവാനുള്ള സമയം കഴിഞ്ഞിരിക്കുന്നു. അതിനുവേണ്ടിയാണ് ഞാൻ ഇക്കാര്യം സൂചിപ്പിക്കുന്നത്. അതുകൊണ്ട് ഗവൺമെൻറ് പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്ന് ഭരണഘടനാപരമായി ഉദ്ദേശിച്ചിട്ടുള്ള ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിന് പ്രാപ്തമായ രീതിയിൽ യോഗ്യരായ കഴിവുള്ളവരെക്കൊണ്ട് അത് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യണം. അതിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് വേണ്ട സംവിധാനം ഉണ്ടാക്കണം. ഇന്നത്തെ ഗവൺമെൻറ് തന്നെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം ഉദ്ദേശിച്ച രീതിയിൽ, ജനങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക്, അവരുടെ ജീവിതം ശപിക്കപ്പെട്ടതല്ലാത്തതെങ്കിലുമാക്കാനുള്ള രീതിയിൽ പോകാൻ ഏർപ്പാടുണ്ടാക്കണം. നാലു വർഷംമുമ്പ് ലഭിച്ചിട്ടുള്ള അപേക്ഷകൾ അവിടെ കെട്ടിക്കിടപ്പുണ്ട്. അതൊന്നും പരിശോധിച്ചിട്ടില്ല. അതൊന്നും ഈ റിപ്പോർട്ടിൽ ഇല്ല. ഈ റിപ്പോർട്ട് സ്റ്റേറ്റുമെൻറിൽ അവസാനിച്ചിരിക്കുകയാണ്. ഈ കാരണംകൊണ്ടെല്ലാം ഇത് പരിശോധിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: സർ, പി.എസ്.സി. റിപ്പോർട്ടിനെക്കുറിച്ചാണ് ഇവിടെ ചർച്ച നടക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ചരിത്രപരമായ കാരണങ്ങളാൽ പിന്നോക്കം നിൽക്കുന്ന ഹരിജന—ഗിരിജന പിന്നോക്ക വിഭാഗങ്ങളുടെയൊക്കെ പ്രാതിനിധ്യക്കുറവ് പരിഹരിച്ചുകൊടുക്കുവാൻവേണ്ടിയുള്ള സംവരണതത്വമാണ് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ളത്. എല്ലാ ഗവൺമെൻറുകളും ഈ സംവിധാനത്തിന് എപ്പോഴും പ്രോൽസാഹനമാണ് നൽകിവന്നിട്ടുള്ളത്.

ഇവിടെ ശ്രീ. വർക്കല രാധാകൃഷ്ണൻ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ഡയറക്ടീവിനെപ്പറ്റി പറഞ്ഞു. എനിക്ക് തോന്നുന്നത് അന്തരിച്ച പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുടെ കാലത്താണ് ഈ തരത്തിൽ മൈനോറിറ്റീസിനെയും പിന്നോക്ക വിഭാഗങ്ങളെയും സംബന്ധിച്ചുള്ള ഒരു ഡയറക്ടീവ് പതിനഞ്ചിനപരിപാടി നടപ്പിലാക്കുവാൻ എല്ലാ സംസ്ഥാന മുഖ്യമന്ത്രിമാർക്കും അയച്ചിരുന്നു. Prime Ministers directive regarding welfare of minorities എന്ന പേരിൽ അയച്ച നിർദ്ദേശം വളരെയധികം കാര്യങ്ങൾ ഉൾക്കൊള്ളുന്നതാണ്. 23—5—1983—ലാണ് ഈ ഡയറക്ടീവ് അയച്ചത്. ഇതിൽ റിക്രൂട്ട്മെൻറിനെ സംബന്ധിച്ച് വളരെ വിശദമായിത്തന്നെ പറയു

LIBRARY ARCHIVES Kerala Legislative Assembly

ന്നുണ്ട്. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ പരിഗണിക്കണമെന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. കോമ്പറിറ്റീവ് എക്സാമിനേഷനെ സംബന്ധിച്ചിടത്തോളം പിന്നോക്ക വിഭാഗങ്ങളിൽ competitive examination സാധിക്കുകയില്ലാ എന്നുള്ള സ്ഥിതി വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. മൈനോറിറ്റീസിന് നിലവിലുള്ള വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനത്തിൽ കോമ്പീറ്റ് ചെയ്യാതെ നിയമനം വാങ്ങിക്കുവാൻ സാധിക്കുകയില്ലായെന്നുള്ളതുകൊണ്ട്, ഈ 15 ഇന പരിപാടിയിൽ റിക്രൂട്ട്മെന്റിനെ സംബന്ധിച്ച് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പോലീസിലേക്കുള്ള റിക്രൂട്ട്മെന്റിനെക്കുറിച്ച് പ്രത്യേകിച്ച് പറഞ്ഞിട്ടുണ്ട്. സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റിനെ സംബന്ധിച്ച് അതിൽ റിസർവേഷൻ പാലിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച്, കേന്ദ്ര ഗവൺമെന്റ് വളരെ വ്യക്തമായി സംസ്ഥാന മുഖ്യമന്ത്രിമാർക്ക് ശ്രീമതി ഇന്ദിരാഗാന്ധിയുടെ കാലത്തുതന്നെ ഡയറക്ടീവ് കൊടുത്തിട്ടുണ്ട്. അതൊരു കഴിഞ്ഞ കഥയൊന്നുമല്ല. ഇന്നലത്തെ ഇൻഡ്യൻ എക്സ്പ്രസ്സിൽ പ്രധാനമായി ശ്രീ. രാജീവ് ഗാന്ധിതന്നെ വീണ്ടും ഒന്നു പറഞ്ഞിട്ടുണ്ട്.

Prime Minister Rajiv Gandhi urged Chief Ministers to gear up administrive vigilance in implementing the 15 point comprehensive programme for protecting the interests of the minorities and weaker sections. ഇതിലും, നിയമനങ്ങളെ സംബന്ധിച്ച് എടുത്തു പറഞ്ഞിട്ടുണ്ട്. ഈ നിർദ്ദേശങ്ങളൊക്കെ പാലിക്കുവാൻ വേണ്ടി ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. ഞാൻ ഇതു പറയാൻ കാരണം, കഴിഞ്ഞ രണ്ടുമൂന്നു കൊല്ലമായി നമ്മുടെ പി.എസ്.സി. യുടെ പ്രവർത്തനത്തെ നന്നാക്കേണ്ട ഒരു ഡയറക്ടീവ് ഇവിടെ cold storage-ൽ വച്ചിരിക്കുകയാണ്. പി.എസ്.സി.യാണ് ഇവിടെ പറഞ്ഞ കാര്യങ്ങളൊക്കെ ചെയ്യേണ്ടത്. റിസർവേഷനെ മറികടക്കാനുള്ള നടപടികളാണ് ഇവിടെ നടക്കുന്നത്. ഡപ്യൂട്ടേഷൻ, താല്ക്കാലിക നിയമനങ്ങൾ, ഇൻറർ ഡിപ്പാർട്ടുമെന്റ് നിയമനങ്ങൾ തുടങ്ങി പല നിലയിലും റിസർവേഷനെ മറി കടക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. ഇതൊക്കെ നിയമപരമായ വീക്നെസ്സാണെന്ന് പറയാം. പക്ഷേ ഇവിടെ ഗവൺമെന്റു തന്നെ റിസർവേഷനെതിരായ നിലപാടെടുക്കുന്നുണ്ടോ എന്നുള്ള കാര്യങ്ങൾ ചർച്ച ചെയ്യേണ്ട സാഹചര്യങ്ങൾ ഉണ്ട്. ഇവിടെ ഹോം ഡിപ്പാർട്ടുമെന്റിൽനിന്ന് ഹൈക്കോടതിയിൽ ഒരു കേസ് വന്നപ്പോൾ ആ കേസിന് ഗവൺമെന്റ് എടുത്ത നിലപാട് പി.എസ്.സി. എടുത്ത നിലപാടിന് എതിരായിരുന്നു. എന്നു മാത്രമല്ല പി.എസ്.സി.ക്കെതിരായിട്ട് സുപ്രീം കോർട്ടു വരെ കേസു കൊടുക്കാൻ വേണ്ടി ഈ ഗവൺമെന്റ് തയ്യാറായി. റിസർവേഷനെതിരായി ഗവൺമെന്റ് നിലപാടെടുക്കുന്നു എന്നു കാണിക്കുന്ന തരത്തിലുള്ള നിർഭാഗ്യകരമായ അവസ്ഥയുണ്ടാകരുതെന്ന് ഞാൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ മതിയായ പ്രാതിനിധ്യം ഇല്ലാത്ത പിന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ച് അനവധി തവണ ഈ സഭയിൽ പറഞ്ഞതാണ്. ഇതു സംബന്ധിച്ച് ഗവൺമെന്റിനേറ്റതായ ഒരു കണക്ക് പ്രസിദ്ധീകരിക്കണമെന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഒരു കമ്മീഷനെ നിയമിച്ചിരുന്നു. സുന്ദരേശൻ കമ്മീഷന്റെ റിപ്പോർട്ട് എന്തായി എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

റിസർവേഷൻ അനുവദിക്കുന്ന വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ഇതിന്റെ പ്രവർത്തനം പരിശോധിക്കാനുള്ള അധികാരം നിയമസഭയിലെ ഒരു കമ്മിറ്റിക്ക് വിട്ടു കൊടുക്കുമെന്ന് ഈ സഭയിൽ മുഖ്യമന്ത്രി പറഞ്ഞതാണ്. ഈ രണ്ടു കാര്യങ്ങളും അദ്ദേഹം വ്യക്തമാക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഈ ചർച്ച അവതരിപ്പിച്ചുകൊണ്ട് ശ്രീ. വർക്കല രാധാകൃഷ്ണനും മറ്റ് മെമ്പർമാരും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാൻ യോജിക്കുകയാണ്. യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഇരട്ടിയോളം ജോലിചെയ്യുന്ന പബ്ലിക് സർവ്വീസ് കമ്മീഷനാണ് കേരളത്തിലുള്ളത്. ഏഴ് ലക്ഷത്തോളം അപേക്ഷകരെ കൈകാര്യം ചെയ്യുകയും ദിവസവും ഇന്റർവ്യൂവും പരീക്ഷയും നടത്തുകയും ചെയ്യുന്ന ജോലിയാണ് പബ്ലിക് സർവ്വീസ് കമ്മീഷനുള്ളത്. അഞ്ചരലക്ഷത്തോളം വിദ്യാർത്ഥികളാണ് എസ്.എസ്.എൽ.സി. പരീക്ഷയെഴുതിയത്. പി.എസ്.സി.യിൽ ക്ലറിക്കൽ ടെസ്റ്റിനു നാലര ലക്ഷം ഉദ്യോഗാർത്ഥികളും ടെസ്റ്റ് എഴുതുകയുണ്ടായി. വളരെയധികം ഉത്തരവാദിത്വമുള്ള സ്ഥാപനമാണ്. കൂടുതൽ സൗകര്യങ്ങളും അധികാരവും നൽകേണ്ടതാവശ്യമാണ്. പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി അധികാരത്തിൽവന്നതിനുശേഷം ആദ്യമായി പബ്ലിക് സർവ്വീസ് കമ്മീഷനു കൂടുതൽ അധികാരങ്ങളും നൽകുണമെന്നും സാമ്പത്തികമായ അധികാരങ്ങളും അവർക്ക് നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന മുഖ്യമന്ത്രിമാർക്ക് ഒരു കത്ത് അയച്ചതായി പത്രത്തിൽ വായിക്കുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തെ പി.എസ്.സി.ക്ക് കൂടുതൽ സൗകര്യങ്ങളും നൽകാനും മറ്റുമായി എന്താണ് ചെയ്തത്, എന്ത് സൗകര്യം ചെയ്തുവെന്ന് അറിയിക്കേണ്ടത് ആവശ്യമാണ്. അതുപോലെതന്നെ പി.എസ്.സി.യുടെ സൗകര്യം വർദ്ധിപ്പിക്കുകയെന്ന് പറയുമ്പോൾ ഡിസ്ട്രിക്ട് ആഫീസുകളും ഇന്ന് പി.എസ്.സിക്ക് ഉണ്ടെങ്കിലും രണ്ടു ആഫീസുകൾ ഒഴിച്ച് ബാക്കിയെല്ലാം വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ജോലി കൊടുക്കാൻ കഴിഞ്ഞില്ലെന്നുള്ളത് പോകട്ടെ ജോലിതേടിവരുന്നവർക്ക് ഇരിക്കാനുള്ള സ്ഥലമെങ്കിലും പി.എസ്.സി. ആഫീസിൽ ഉണ്ടാകേണ്ടതാവശ്യമാണ്. പരീക്ഷ എഴുതാൻ സൗകര്യമില്ല. ഇന്റർവ്യൂവിന് വരുന്നവർക്ക് ഇരിക്കാൻ സൗകര്യമില്ല. ഇങ്ങനെ അസൗകര്യത്തിന്റെ പര്യായമായിട്ടാണ് പി.എസ്.സി. നിലനിൽക്കുന്നത്. പി.എസ്.സി. ഇന്റർവ്യൂ നടത്തി റാങ്ക്‌ലിസ്റ്റ് തയ്യാറാക്കിയാൽപോലും ആ റാങ്ക്‌ലിസ്റ്റ് നിലനിൽക്കെതന്നെ പുറംവാതിലിൽകൂടി നിയമനം നടത്തുന്ന എത്ര ഉദാഹരണങ്ങളും നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. പി.എസ്.സി. റാങ്ക്‌ലിസ്റ്റ് തയ്യാറാക്കികൊടുത്താൽ ആ റാങ്ക്‌ലിസ്റ്റ് അവിടെ നിൽക്കുകയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി പ്രൊവിഷണലായിട്ട് ആളുകളെ നിയമിച്ച് അവർക്ക് കാലാവധി നീട്ടിക്കൊടുക്കുകയും ചെയ്യുന്ന സംഭവമുണ്ട്. അതുപോലെ തന്നെ ഡെയിലിവേജസിൽ ആളുകളെ എടുക്കുന്നു. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് എന്തെങ്കിലുമൊരു തൊഴിൽ കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുപകരം അവരെ പുറത്തുനിറുത്തിക്കൊണ്ട് താൽപ്പര്യമുള്ള ആളുകളെ എടുക്കുന്ന സംവിധാനമാണുള്ളത്. പുതിയ കോർപ്പറേഷനുകളും ബോർഡുകളും രൂപീകരിക്കുന്ന സന്ദർഭത്തിൽ കുറെനാളത്തേയ്ക്ക് ആ ബോർഡുകളുടേയും

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷനുകളുടേയും നിയമനാധികാരം പി.എസ്.സി.ക്ക് കൊടുക്കാതെ സാമുദായിക പ്രാതിനിധ്യം പോലും നോക്കാതെ ഇഷ്ടക്കാരെ തിരുകിക്കയറ്റുന്ന നടപടിയാണ് ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയിൽ നിയമനം നടത്തിയതിനെ സംബന്ധിച്ച് ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്. പി.എസ്.സി.യെപോലും മറികടന്നുകൊണ്ട് പി.എസ്.സി.യുടെ നിർദ്ദേശത്തെ അവഗണിച്ചുകൊണ്ട് ഇവിടെ നിയമനങ്ങൾ നടത്തുന്നുണ്ട്. കേരളത്തിലെ ദശലക്ഷക്കണക്കായ ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം പി.എസ്.സി.യാണ് ഏക ആശാകേന്ദ്രം. പി.എസ്.സി.യുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും പി.എസ്.സി. തിരഞ്ഞെടുക്കുന്ന ആളുകളെ നിയമിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുകയും ചെയ്യണം. പി.എസ്.സി.യുടെ ജോലിഭാരം പരിഗണിച്ച് പ്രത്യേക വിഭാഗത്തിനുവേണ്ടി പ്രത്യേക സംവിധാനം ഏർപ്പെടുത്തുകയും അംഗങ്ങൾക്ക് കൂടുതൽ സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യണം. പി.എസ്.സി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി.എസ്. ജോൺ: നിഷ്പക്ഷമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായി ഇന്നും പബ്ലിക് സർവ്വീസ് കമ്മീഷൻ നിലകൊള്ളുന്നുവെന്ന ധാരണ ജനങ്ങളിൽ ഉണ്ടാക്കാൻ കാലാകാലങ്ങളിൽ വന്ന ഗവൺമെൻറുകൾക്ക് കഴിഞ്ഞിട്ടുണ്ട്. പി.എസ്.സി. നടത്തുന്ന ടെസ്റ്റുകളിൽ പാകപ്പിഴകളില്ലെന്നല്ല പറയുന്നത്. ടെസ്റ്റ് ഇത്രമാത്രം ഭംഗിയായി നടക്കുന്ന മറ്റൊരു സ്ഥാപനം കേരള സംസ്ഥാനത്തില്ല. അത്രമാത്രം ഉത്തരവാദിത്വത്തോടുകൂടി ടെസ്റ്റ് നടത്താൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പല കാര്യങ്ങളും ചർച്ചചെയ്തു തീരുമാനമെടുക്കുകയാണെങ്കിൽ ഇന്ന് കെട്ടിക്കിടക്കുന്ന അപേക്ഷകൾ കുറയ്ക്കാൻ കഴിയും. ഒരുവർഷം ഏതാണ്ട് ഇരുപതിനായിരത്തോളം ആളുകളെ റിക്രൂട്ട് ചെയ്യുന്നുവെങ്കിൽ ശ്രീ. കാനംരാജേന്ദ്രൻ പറഞ്ഞതുപോലെ ഏഴ് ലക്ഷം എട്ടു ലക്ഷം അപേക്ഷകൾ ഉണ്ടാകുന്നു. അത് തിട്ടപ്പെടുത്തി കൃത്യസമയത്തിനുള്ളിൽ ലിസ്റ്റ് തയ്യാറാക്കുന്നതിന് ഇന്ന് പി.എസ്.സി.ക്ക് കഴിയുന്നില്ല. ആവശ്യപ്പെട്ട സ്റ്റാഫിനെ കൊടുത്തിട്ടുണ്ടെന്നുള്ളത് സന്തോഷകരമായ കാര്യമാണ്. പക്ഷേ ഇപ്പോഴുള്ള പല ജോലികളും കുറയ്ക്കാൻ ഗവൺമെൻറ് നിർദ്ദേശം കൊടുത്താൽ സാധിക്കും. ടെസ്റ്റ് വേണ്ടാത്തത് ഏത്, ടെസ്റ്റ് വേണ്ടത് ഏത് എന്ന് നിശ്ചയിക്കണം. ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ കണ്ടക്ടർമാരുടെ നിയമനത്തിന് ടെസ്റ്റ് ആവശ്യമുണ്ടോ? ടെസ്റ്റ് ആവശ്യമില്ല. യോഗ്യത എസ്.എസ്.എൽ.സി. യാണെങ്കിൽ ടെസ്റ്റിന് 75 ശതമാനം മാർക്കും ഇൻറർവ്യൂവിന് 25 ശതമാനം മാർക്കും ആക്കി നിശ്ചയിക്കണം. അതുപോലെ എഞ്ചിനീയറിംഗിന് എന്തിനാണ് ടെസ്റ്റ്. ടെസ്റ്റിൻറെ ആവശ്യമില്ല ഇൻറർവ്യൂ നടത്തിയാൽ മതി. ഇൻറർവ്യൂവിന് 25 ശതമാനത്തിൽ കൂടുതൽ മാർക്ക് കൊടുക്കാനുള്ള അവകാശം നൽകരുത്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഇൻറർവ്യൂവിന് കൂടുതൽ പ്രാധാന്യം കൊടുക്കാതായി. അതുപോലെ ടെസ്റ്റിന് എഴുപത്തിയഞ്ച് ശതമാനവും ഇൻറർവ്യൂവിന് ഇരുപത്തിയഞ്ച് ശതമാനവുമാക്കിയാൽ അഴിമതി വളരെയധികം കുറയ്ക്കാൻ കഴിയും. മുൻകാലങ്ങളേക്കാൾ അഴിമതി കുറയ്ക്കാൻ ഈ ഗവൺമെൻറിൻറെ കാലത്ത് കഴിഞ്ഞുവെന്നുള്ളത് സന്തോഷകരമായ കാര്യമാണ്. അതുകൊണ്ടാണ് ഇത് അവതരിപ്പിച്ച ശ്രീ. വർക്കല രാധാകൃഷ്ണൻ ആ കാര്യങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്കുറിച്ചൊന്നും കുറ്റം പറയാത്തത്. 1982–83 കാലഘട്ടത്തിലെ പല കാര്യങ്ങളും റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതെക്കുറിച്ച് സമയമില്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. പേജ് 26–ൽ Departure from the advice of the public Service Commission എന്ന് പറഞ്ഞിട്ടുണ്ട്. 1982–83 കാലഘട്ടത്തിനും മുമ്പ് ഉണ്ടായിട്ടുള്ള തെറ്റാണെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആ തെറ്റ് തിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം. പി.എസ്.സി.യുടെ ലിസ്റ്റ് ഉണ്ടായാലും ടെമ്പററി അപ്പോയിന്റുമെന്റുകാരെ നിലനിർത്തുന്ന സ്ഥിതി നമ്മുടെ രാജ്യത്തുണ്ട്. പി.എസ്.സി.ക്ക് ധാരാളം ജോലികളുണ്ട്. യൂണിയൻ പബ്ലിക് സർവ്വീസു കമ്മീഷനുണ്ട്. അതുപോലെതന്നെ റെയിൽവേക്ക് പ്രത്യേക പബ്ലിക് സർവ്വീസ് കമ്മീഷനുണ്ട്. ബാങ്കിന് പ്രത്യേക ബോർഡുണ്ട്. അതുപോലെ ഇലക്ട്രിസിറ്റി ബോർഡിനേറയും ട്രാൻസ്പോർട്ട് കോർപ്പറേഷനേറയും പല പൊതുമേഖലാസ്ഥാപനങ്ങളുടേയും നിയമനം പി.എസ്.സി.ക്ക് വിട്ടുകൊടുത്ത സ്ഥിതിക്കു അവയ്ക്കു പ്രത്യേകമായ ബോർഡ് ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

ശ്രീ. ആർ.എസ്. ഉണ്ണി: പി.എസ്.സി. നിയമനം നടത്തിക്കൊണ്ടിരുന്ന പി.എച്ച്.ഇ.ഡി.യിലെ നിയമനം പി.എസ്.സി.യിൽനിന്നു എടുത്ത് ബോർഡ് സ്വമേധയാ നടത്തിക്കൊണ്ടിരിക്കുന്നതിൽ ധാരാളം കമക്കേടുകളുണ്ടെന്നുള്ളത്. ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. ടി.എസ്. ജോൺ: അതെക്കുറിച്ച് ശ്രീ. ഉണ്ണി ഇവിടെ ഇഷ്ടംപോലെ പ്രസംഗിച്ചതാണല്ലോ. എല്ലാ പൊതുമേഖലാസ്ഥാപനങ്ങളുടേയും നിയമനം പി.എസ്.സി.ക്ക് വിട്ടുകൊടുക്കണം. അതിന് പ്രത്യേകമായ ബോർഡ് ഉണ്ടാക്കണമെന്നാണ് എന്റെ അഭിപ്രായം. ഗവൺമെന്റിന്റെ അഭിപ്രായവും അതായിരിക്കുമെന്ന് വിശ്വസിക്കുന്നു. വളരെ കാര്യക്ഷമതയോടുകൂടി രേണം നടത്തുന്നതിന് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പരമാവധി ശ്രമിച്ചിട്ടുണ്ട്. ഇനിയും കുറ്റങ്ങളും കുറവുകളുമുണ്ടെങ്കിൽ ഒന്നുകൂടി ചർച്ചചെയ്തു പരിഹരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി റിവ്യൂ നടത്തി എത്രയുംവേഗം ടെസ്റ്റുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കണം. ടെസ്റ്റുകൾ വേണ്ടാത്തതിന് ടെസ്റ്റുകൾ നടത്താതിരിക്കുകയും ഇൻറർവ്യൂവിന് കൂടുതൽ മാർക്ക് അനുവദിച്ചു കൊടുക്കാതിരിക്കുകയും ചെയ്യണം. ഈ രീതിയിലുള്ള സമീപനം സ്വീകരിച്ചാൽ പി.എസ്.സി.യുടെ ജോലിഭാരക്കുറയ്ക്കുന്നതിനുകഴിയും. സത്യസന്ധമായി പ്രവർത്തിക്കുന്നുവെന്ന ധാരണ ജനങ്ങളിൽ വളർത്തുന്നതിന്, പരമാവധി ശ്രമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: സർ, പബ്ലിക് സർവ്വീസ് കമ്മീഷനിൽ അപേക്ഷകൊടുത്ത് കാത്തിരിക്കുന്ന ലക്ഷക്കണക്കിന് അപേക്ഷകരെ സംബന്ധിച്ചിടത്തോളം, പി.എസ്.സി. അവരുടെ അപേക്ഷകൾ പരിഗണിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും വർഷങ്ങളോളം കാത്തിരിക്കേണ്ടിവരുന്നുവെന്ന പരാതി ഉണ്ടായിട്ടുണ്ട്. പി.എസ്.സി.ക്ക് ധാരാളം വർക്കുലോഡ് ഉണ്ടെന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. ഗവൺമെന്റിനും അറിയാവുന്ന കാര്യമാണ്. സബ്ജക്ട് കമ്മിറ്റി ഈ കാര്യം ചർച്ചചെയ്തിട്ടുണ്ട്, നിർദ്ദേശം കൊടുത്തിട്ടുണ്ട്. സ്റ്റാഫിനെ വർദ്ധിപ്പിച്ച് കൊടുത്താ

ട്ടുണ്ട്. എന്നാലും ഈ വർക്ക് ചെയ്തുതീർക്കുന്നതിന് കഴിയുന്നില്ല. വേണ്ടിടത്തോളം സ്റ്റാഫിനെ വർദ്ധിപ്പിച്ചിട്ടില്ലെന്ന പരാതിയുണ്ട്. ഇതിന് പരിഹാരമുണ്ടാക്കണ്ടേ? കാലാകാലങ്ങളിൽ ചർച്ച ചെയ്തു പോയാൽ മതിയോ? എനിക്ക് ഒരു നിർദ്ദേശമുള്ളത് എല്ലാത്തരം ജോലിക്കും ഒരു ബോഡിതന്നെ നടപടി സ്വീകരിക്കുന്നതിനുപകരം ജോലികളുടെ വേക്കൻസീസ് ക്യാറ്റഗറൈസ് ചെയ്തിട്ട് താഴെക്കിടയിലുള്ള കുറെ ജോലികളെങ്കിലും സ്റ്റാഫ് സെലക്ഷൻ ബോർഡ് ഉണ്ടാക്കി അവരെ ഏൽപ്പിക്കുകയാണെങ്കിൽ സൈമുൾട്ടേനിയസ് ആയിട്ട് ധാരാളം അപേക്ഷകരെ പരിശോധിക്കാൻ കഴിയും. ഒരു ലിസ്റ്റ് ഉണ്ടാക്കിയാൽ മൂന്ന് കൊല്ലത്തേയ്ക്കാണ് അതിന്റെ വാലിഡിറ്റി. ആ ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞതിനുശേഷമാണ് പിന്നത്തെ ലിസ്റ്റ് വരുന്നത്. അടുത്ത ലിസ്റ്റ് വരുന്നതുവരെ അപ്പോൾ കുറെയധികം സമയം ബാക്കിയാകുന്നു. ആ സമയത്ത് ഗവൺമെന്റോ ഉദ്യോഗസ്ഥൻമാരോ ആളുകളെ താൽക്കാലികമായി വയ്ക്കുന്നു. അങ്ങനെ താൽക്കാലികമായിവയ്ക്കുന്ന ആളുകളെ പിന്നെ പ്രശ്നമായിത്തീരുന്നു. ഒരു ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞ് അടുത്ത ലിസ്റ്റ് പ്രോസസ് ചെയ്ത് ലിസ്റ്റാകുന്നതുവരെ ആദ്യത്തെ ലിസ്റ്റിൽനിന്ന് ആളുകളെ നിയമിക്കണമെന്ന് തീരുമാനമെടുക്കുന്നതുകൊണ്ട് ഒരു അപകടവുമില്ല. അത്തരമൊരു ഭേദഗതി വരുത്തിയാൽ വളരെ ആശ്വാസമുണ്ടാകും. കാരണം അനധികൃതമായി അല്ലെങ്കിൽ അനാവശ്യമായി താൽക്കാലികാടിസ്ഥാനത്തിൽ ആളുകളെ ജോലിക്ക് കയറ്റുന്നത് നമുക്ക് ഒഴിവാക്കാൻ കഴിയും.

അതുപോലെതന്നെ പി.എസ്.സി.യെ മറികടക്കുന്ന പ്രവണത ഇന്ന് വളരെയധികമുണ്ട്. ഇവിടെത്തന്നെ പല പൊതുമേഖലാ സ്ഥാപനങ്ങളുടേയും കാര്യം പറഞ്ഞു. പൊതുജനാവിൽനിന്ന് പണം മുടക്കി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെപോലും പി.എസ്.സി.യെ മറികടക്കുന്നത് അനുവദിക്കാൻ പാടില്ല. പി.എസ്.സി.യ്ക്കു നിയമനം വിട്ടുകൊടുക്കുമ്പോൾ, നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന സാമൂഹ്യ വ്യവസ്ഥിതിയുടെ അടിസ്ഥാനത്തിൽ സംവരണതത്വങ്ങൾ പാലിക്കണമെന്ന് വ്യവസ്ഥ ഉണ്ട്. പല പൊതുമേഖലാ സ്ഥാപനങ്ങളിലും പി.എസ്.സി.യെ മറികടന്ന് ഇഷ്ടമുള്ള ആളുകളെ വയ്ക്കുക മാത്രമല്ല, ഈ സംവരണതത്വങ്ങൾ പാലിക്കുന്നില്ല എന്നുള്ളതാണ് പ്രധാനമായിട്ടുള്ളത്. അതുകൊണ്ട് സംവരണതത്വം പാലിക്കാൻ ഉതകുന്ന വിധത്തിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ നിയമനങ്ങളെ പി.എസ്.സി.യ്ക്കു വിടണം. ഇക്കാര്യത്തിൽ കർശനമായ നിർദ്ദേശം കൊടുക്കണം.

പരീക്ഷയുടെ കാര്യത്തിൽ ഒരു കാര്യം ഇതിനകത്ത് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മാർക്കുലിസ്റ്റ് ഉണ്ടാക്കുന്ന കാര്യത്തിൽ നാല് കേസുകളിലെങ്കിലും മാർക്കുലിസ്റ്റ് കൊടുത്തതിൽ തെറ്റ് പറ്റിയെന്നുള്ളതുകൊണ്ട് ലിസ്റ്റിൽ പിശക് പറ്റിയെന്ന് പി.എസ്.സി. പറഞ്ഞിട്ടുണ്ട്. അതിന് പരമമായ സ്ക്രൂട്ടിണി ആവശ്യമാണ്. അതുപോലെതന്നെ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിർദ്ദേശങ്ങളെ മറികടന്നുകൊണ്ട് ചില ആളുകളെ ജോലിയിൽ തുടരാൻ അനുവദിക്കുകയും പിന്നീട് അവരെ റഗുലറൈസ് ചെയ്യാനും ശ്രമിക്കുന്നുണ്ട്.

ഇത്തരം പ്രവണത വർദ്ധിച്ചു വരുന്നതായിട്ടാണ് ഏറ്റവും ഒടുവിലത്തെ റിപ്പോർട്ടിൽ കാണുന്നത്. അങ്ങനെയുള്ള പ്രവണത നിരുൽസാ

LIBRARY ARCHIVES Kerala Legislative Assembly

ഹപ്പെടുത്തണം. ഡിപ്പാർട്ടുമെൻറൽ ടെസ്റ്റ് അഞ്ച് വർഷമായി നടക്കാത്ത 35 ഡിപ്പാർട്ടുമെൻറുകളുണ്ട്. എന്തുകൊണ്ട് നടക്കുന്നില്ല? അവിടെ പ്രൊമോഷൻ നടക്കാഞ്ഞിട്ടാണോ? പബ്ലിക് സർവ്വീസ് കമ്മീഷൻ ഈ രാജ്യത്തെ, സമൂഹത്തിലെ ഏറ്റവും ഉന്നതസ്ഥാനമാണ്. പരമ പ്രാധാന്യമർഹിക്കുന്ന സ്ഥാനമാണ്. അവിടെ അംഗങ്ങളായി വരുന്ന ആളുകൾ സമൂഹത്തിൽ ബഹുമാനം ആർജ്ജിക്കുന്നവരാ യിരിക്കണം. പാർട്ടി പരിഗണനയുടെ പേരിലും സ്വാർത്ഥതാൽപ്പ ര്യത്തിന്റെ പേരിലും അതിന്റെ ഔന്നത്യം നശിപ്പിക്കുന്ന തരത്തിലുമുള്ള പ്രവർത്തനങ്ങൾ അവിടെ വളർന്നുവരുന്നതായി ആക്ഷേപമുണ്ട്. അത് അവസാനിപ്പിക്കണം. പി.എസ്.സി.യുടെ ഔന്നത്യം നില നിറുത്തണം. അതിന്റെ ശുദ്ധി നിലനിറുത്തണമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ആർ.എസ്. ഉണ്ണി: സർ, നിലവിലുള്ള എല്ലാ റിക്രൂട്ടിംഗ് ഏജൻസികളോ സംവിധാനങ്ങളോ പരിശോധിച്ചാൽ പബ്ലിക് സർവ്വീസ് കമ്മീഷനാണ് ഏറ്റവും ഭേദം. ആ പബ്ലിക് സർവ്വീസ് കമ്മീഷനിലുള്ള നിയമനങ്ങൾ പൊളിറ്റിക്കൽ ആകുന്നതിന്റെ ഫലമായിട്ടുള്ള ദോഷങ്ങൾ ഉണ്ടായിട്ടുണ്ട്. പൊതുപ്രവർത്തനരംഗത്ത് പ്രവർത്തിക്കുന്നവരെ പബ്ലിക് സർവ്വീസ് കമ്മീഷൻ മെമ്പറൻമാരാക്കിക്കൂടാ എന്നുള്ളതല്ല എന്റെ അഭിപ്രായം. വ്യക്തികളെ നമുക്ക് അറിയാൻ സാധിക്കും. അവരുടെ സത്യസ ന്ധത, ഈ വക കാര്യങ്ങളോടുള്ള അവരുടെ സാമൂഹ്യ പ്രതിബദ്ധത ഇതൊക്കെ കണക്കിലെടുത്തുവേണം നിയമനം നടത്താൻ. അപ്പോയിൻറ് മെൻറ് തീരെ പൊളിറ്റിക്കൽ ആയി പോകുന്നതുകൊണ്ട്, അതിന്റെ ദോഷവും പി.എസ്.സി.യുടെ പ്രവർത്തനത്തിലുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനെപ്പറ്റി നല്ല അഭിപ്രായം നിലനിൽക്കുന്നത് പണ്ടു കാലത്ത് പി.എസ്.സി. അംഗങ്ങളായിരുന്ന നല്ല ആളുകൾ, അവർ ചെയ്ത സേവനത്തിന്റേയും പ്രവർത്തനങ്ങളുടേയും ഫലമായി ട്ടാണ്. എന്നാൽ അടുത്തകാലത്തായി വന്നിട്ടുള്ള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങളുടെ പ്രവർത്തനങ്ങളെസംബന്ധിച്ച് നാട് മുഴുവൻ വളരെ മോശപ്പെട്ട അഭിപ്രായമാണുള്ളത്. ഗവൺമെൻറിലിരിക്കുന്ന ആളുകൾക്കും മന്ത്രിമാർക്കും പൊതുവിൽ ഇതൊക്കെ മനസ്സിലാക്കാൻ കഴിയുന്നുണ്ടോയെന്ന് എനിക്ക് സംശയമാണ്. പൊളിറ്റിക്കൽ ഇൻറർഫിയറൻസ് നിയമന കാര്യത്തിൽ ഇപ്പോഴും ധാരാളം നടക്കു ന്നുണ്ട്. അത് ഒഴിവാക്കേണ്ടതാണ്. പി.എസ്.സി. യിൽ വരുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ഈ വക കാര്യങ്ങളെസംബന്ധിച്ച് വ്യക്തിപരമായുള്ള അവരുടെ നൻമതിൻമകളെ ആശ്രയിച്ചിരിക്കു മെങ്കിലും വലിയ ഇൻറർഫിയറൻസ് ഉണ്ട്. ആ ഇൻറർഫി യറൻസുകൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ മെമ്പറൻമാർ വഴങ്ങു ന്നതായും വിശ്വാസയോഗ്യമായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. അതൊ ക്കെയാണ് അപകടമുണ്ടാക്കുന്നത്.

അതുപോലെതന്നെ മെത്തേഡ്സ് ആഫ് റിക്രൂട്ട്മെൻറ്. അതിന് പഴയ സംവിധാനമാണ് ഇപ്പോഴുമുള്ളത്. അത് മാറണം. ഇപ്പോൾ സിവിൽ സർവ്വീസിലെ നിയമനങ്ങൾ കൂടാതെ പൊതുമേഖലാ സ്ഥാപ നങ്ങൾ പലതിലും നിയമനം പബ്ലിക് സർവ്വീസ് കമ്മീഷനാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ തന്നെ വളരെ കോമ്പറ്റേറ്റീവ് ആയിട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുണ്ട്. അവിടെ കേഡർ സെലക്ഷൻ വളരെ പ്രധാനമാണ്. നമ്മുടെ ലോകത്ത്, ഇന്ന് റിക്രൂട്ട്മെൻറ് എന്നു പറയുന്നത് വളരെ ശാസ്ത്രീയമായി ആധുനീവൽക്കരിക്ക

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ടിട്ടുള്ള കാര്യമാണ്. ആ സമ്പ്രദായം പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ തീർച്ചയായും സ്വീകരിക്കേണ്ടതാണ്. സിവിൽ സർവ്വീസിനെ സംബന്ധിച്ച് വർഷംതോറും വരാവുന്ന ഒഴിവുകൾ വളരെ കുറവാണ്. ബഡ്ജറ്റ് ഇൻഡക്സ് തന്നെ പരിശോധിച്ചാൽ പത്തോ, പതിനായിരമോ ആണ് വർദ്ധനവ് വന്നിരിക്കുന്നത്. അതുകൊണ്ട് ഗവൺമെൻറ് ആദ്യമായി പരിശോധിക്കേണ്ടത്, സിവിൽ സർവ്വീസിൽ ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ ആളുകൾ അധികമുണ്ടെങ്കിൽ (പലതിലും ഉണ്ട്, അതേസമയം ഫീൽഡിൽ ആളുകൾ കുറവാണ്) ഒരു ഡീപ്ലോയ്മെൻറ് ആവശ്യമാണ്. സിവിൽ സർവ്വീസിനെ സംബന്ധിച്ചിടത്തോളം ആദ്യമായിത്തന്നെ വേക്കൻസികൾ തിട്ടപ്പെടുത്താനും പൊതുവിൽ ഇന്ന് നിലവിലുള്ള ആളുകളെ ആവശ്യമുള്ള സ്ഥലങ്ങളിൽ ഡിപ്ലോയ് ചെയ്തു വയ്ക്കേണ്ടവരെ അങ്ങനെ വയ്ക്കുകയോ വേക്കൻസിയുള്ള സ്ഥലങ്ങൾ അസസ് ചെയ്തുവയ്ക്കുകയോ ബാക്കിയുള്ള വേക്കൻസി യഥാസമയം റിക്രൂട്ട് ചെയ്ത് വേക്കൻസി ഫില്ലപ്പ് ഓ ചെയ്യുകയോ ചെയ്യാതെ ഇത് ഇങ്ങനെ വർദ്ധിപ്പിച്ചുകൊണ്ടുപോകുന്നതിൽ വലിയ അർത്ഥമില്ല. നമ്മുടെ റവന്യൂ വരുമാനത്തിൻറെ സിംഹഭാഗവും ശമ്പളം കൊടുക്കുകയാണ്. നമ്മുടെ ആവശ്യകത പരിമിതവുമാണ്. അതുകൊണ്ട് പബ്ലിക് സർവ്വീസ് കമ്മീഷനെ സംബന്ധിച്ചിടത്തോളം അവരുടെ ഭാരം കൂടിവരുന്നു എന്നുള്ളതിനോട് ഞാൻ യോജിക്കുന്നില്ല. പക്ഷേ ചെറിയ എണ്ണം വേക്കൻസികളുടെ കാര്യത്തിൽ പോലും അവർ വലിയ ജോലി ചെയ്യേണ്ടിവരുന്നു എന്നുള്ളത് വസ്തുതയാണ്. അത് കണക്കിലെടുത്ത്, ആവശ്യകത നിർവ്വഹിക്കത്തക്കവിധത്തിൽ, ഇതിൻറെ പ്രവർത്തനത്തിൽ മെത്തേഡിൽ മാറ്റം വരുത്തി ഇതിൻറെ കാര്യങ്ങൾ ചെയ്തുപോകണമെന്നാണ് എനിക്ക് ചുരുക്കത്തിൽ പറയാനുള്ളത്.

ഇങ്ങനെയൊരു ചർച്ച ഇവിടെ നടത്തിയത് വളരെ നല്ലകാര്യമാണ്. യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനെക്കുറിച്ചുള്ള ചർച്ച ലോകസഭയിൽ നടത്തിയിട്ടുണ്ട്. ഇത് രണ്ടാമത്തെ തവണയോ മറ്റോ ആണെന്നാണ് എനിക്ക് തോന്നുന്നത്. ഏതായാലും പബ്ലിക് സർവ്വീസ് കമ്മീഷൻ സംവിധാനം ആധുനീകരിച്ച്, അത് കുറ്റമറ്റതാക്കി, ഏറ്റവും വലിയ റിക്രൂട്ടിംഗ് ഏജൻസിയെന്ന നിലവിലുള്ള, പഴയ ആളുകൾ ഉണ്ടാക്കിവച്ച ആ നല്ല പേര് നിലനിറുത്തി അഴിമതിയും മറ്റ് കാര്യങ്ങളുമൊക്കെ കുറയ്ക്കുന്നതിന്, മനുഷ്യൻറെ സബ്ജക്ടീവ് കൺസിഡറേഷൻ വച്ച് നിയമനത്തിന് മുൻതൂക്കം വരുന്ന ഏർപ്പാട് മാറി, ഓബ്ജക്ടീവ് ആയിട്ട്, മറ്റ് മെത്തേഡുകൾ വഴി നിയമനം നടത്താനുള്ള സാഹചര്യമുണ്ടായാൽ അഴിമതി കുറയ്ക്കാൻ കഴിയും. പി.എസ്.സി.യിലുള്ള വിശ്വാസം നിലനിറുത്താൻ അത് ആവശ്യമാണ്.

ശ്രീ. എസ്.ആർ. തങ്കരാജ്: സർ, പബ്ലിക് സർവ്വീസ് കമ്മീഷനെ സംബന്ധിച്ചിടത്തോളം ദിവസം കഴിയുംതോറും അതിൻറെ ആട്ടോണമി യെന്ന സ്വഭാവം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഒരു വ്യവസായ സ്ഥാപനത്തിൻറെ പ്രതീതി ജനിപ്പിക്കുന്ന തരത്തിൽ അത് അധഃപതിച്ചുകൊണ്ടിരിക്കുന്നുവെന്നു പറഞ്ഞാൽ അതുമായി സമ്പർക്കമോ പരിചയമോ ഉള്ള ആളുകൾക്ക് ബോദ്ധ്യമാകുന്ന കാര്യമാണ്. ഇന്ന് അതിൻറെ പ്രവർത്തനശൈലിയെക്കുറിച്ച് നോക്കിയാൽ, ദിവസം കഴിയുംതോറും മെമ്പറൻമാരുടെ എണ്ണം വർദ്ധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വരവും ചെലവും തമ്മിൽ തുലനം ചെയ്യുകയെന്നു പറയുന്നതു പോലെ പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്നതിന് ആനുപാതികമായിട്ട് ഈ നാട്ടിൽ തൊഴിൽ അവസരം വളരുകയും അതിന് ആനുപാതികമായ നിലയിൽ ആളുകൾക്ക് തൊഴിലവസരം കിട്ടുകയും ചെയ്താൽ ഒരുപക്ഷേ നമുക്ക് അതിനെ സാധൂകരിക്കാൻ സാധിച്ചുവെന്നുവരും. ഇവിടെ ഓരോരുത്തരുടേയും ആവശ്യാനുസരണമാണ് അപേക്ഷകൾ ക്ഷണിക്കുന്നതും, മറ്റ് കാര്യങ്ങൾ നടത്തുന്നതും. ബന്ധപ്പെട്ട ഉന്നതൻമാർ അംഗീകരിക്കണം. ഇവിടെ ഒടുവിലുണ്ടായ ഒരു സംഗതി ഞാൻ ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയുടെ അറിവിനുവേണ്ടി പറയാം. കഴിഞ്ഞ ജൂൺ മാസത്തിലോ ജൂലൈ മാസത്തിലോ ഉള്ള ഗസറ്റിൽ കമ്മീഷണർമാരുടെ നിയമനത്തിനുവേണ്ടി 3–9–1985 ബുധനാഴ്ച വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് അപേക്ഷ കിട്ടിയിരിക്കണമെന്ന് പറഞ്ഞ് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഏതായിരുന്നാലും 3–9–1985 ബുധനാഴ്ച വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് കൊടുത്ത അപേക്ഷകൾ പരിശോധിച്ചു നോക്കിയപ്പോൾ ഏതോ ഉന്നതനുള്ള അപേക്ഷ അതിൽ ഉൾപ്പെട്ടിരുന്നില്ല. പിന്നെ യാതൊരു ഗസറ്റ് വിജ്ഞാപനവും കൂടാതെ പത്രത്തിൽ ഒരു എക്സ്റ്റൻഷൻ കൊടുത്തിരിക്കുന്നു. ഏത് നിയമമനുസരിച്ചാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. 3–10–1985 വ്യാഴാഴ്ച വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് അപേക്ഷ കിട്ടിയിരിക്കണമെന്നും മുൻ ഗസറ്റിലെ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ അനുസരിച്ചാണ് അപേക്ഷ കൊടുക്കേണ്ടതെന്നും ഒരുപക്ഷേ രാഷ്ട്രീയ പ്രേരിതമായിട്ടാണ് അവിടെ നിയമനങ്ങൾ വരുന്നതെങ്കിൽപോലും ഇതുപോലുള്ള സംഭവങ്ങളാണ് ഓരോ ദിവസവും പത്രങ്ങളിൽകൂടി ആളുകൾ കാണുന്നതെങ്കിൽ ഇതൊരു ആട്ടോണമസ് ബോഡിയാണെന്നും, ഭരണഘടനാനുസൃതമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണെന്നുമുള്ള ജനാധിപത്യ വിശ്വാസം നഷ്ടപ്പെടും. ആളുകൾക്കുള്ള വിശ്വാസം ഓരോ ദിവസവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതിനേക്കാൾ ഉപരിയായി ഇത് വെറുക്കപ്പെട്ട ഒരു സ്ഥാപനമായി മാറും. മൂന്നോ നാലോ വർഷം അപേക്ഷകൊടുത്ത് കാത്തിരുന്നാൽ ഒരു ഇൻറർവ്യൂവിനോ പരീക്ഷയ്ക്കോ ആളുകളെ വിളിക്കാത്ത സാഹചര്യത്തിൽ ഇങ്ങനെയൊരു സ്ഥാപനത്തെ ഒരു വെള്ളാനയായി അവിടെ വച്ചുപൊറുപ്പിക്കുന്നത് എന്തിനാണെന്നു ആളുകൾ ചോദിച്ചാൽ നമ്മൾ തെറ്റിദ്ധരിച്ചിട്ടോ അല്ലെങ്കിൽ പറയുന്നവരെ കുറ്റപ്പെടുത്തിയിട്ടോ കാര്യമില്ല. അതുകൊണ്ട് ഇത് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഖജനാവിൽനിന്ന് പണമെടുത്ത് ഇവർക്കു ശമ്പളവും കൊടുത്ത് അവിടെയിരുത്തിയിട്ട്, ഈ തൊഴിലില്ലായ്മയും ദാരിദ്ര്യവും വർദ്ധിച്ച് ഈ രാജ്യത്തിന് ദോഷമായി വന്നിരിക്കുന്ന സാഹചര്യത്തിൽ ആളുകൾക്ക് ഈ സ്ഥാപനമൊരു ഭാരമായി മാറാതിരിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: സർ, പബ്ലിക് സർവ്വീസ് കമ്മീഷനെക്കുറിച്ച് ഇവിടെ നടന്ന ചർച്ചയിൽ ഉയർന്നുവന്ന പൊതുവായ നല്ല കാര്യങ്ങളോട് ഞാൻ യോജിപ്പ് പ്രകടിപ്പിക്കുന്നു. വളരെ പ്രധാനമായി ഉയർന്നുവന്നിട്ടുള്ളത് ജനങ്ങളിൽ വിശ്വാസം അർപ്പിക്കാൻ പബ്ലിക്സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് കഴിയണമെന്നുള്ളതാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ ഉണ്ടായ അന്നുമുതൽ

LIBRARY ARCHIVES Kerala Legislative Assembly

ഇന്നുവരെ ചട്ടപ്രകാരം സർവ്വീസിൽനിന്ന് എടുക്കുന്ന ആളുകളെ ഒഴികെ എല്ലാസന്ദർഭങ്ങളിലും അതിനകത്ത് വന്നിട്ടുള്ള അംഗങ്ങളെ രാഷ്ട്രീയ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. പൊതു പ്രവർത്തകരുടെ വിശ്വാസ്യതയെക്കുറിച്ചും ഈ സഭയിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളെ കാലാകാലങ്ങളിൽ അധികാരത്തിൽ വന്നിട്ടുള്ള സന്ദർഭങ്ങളിൽ നമ്മളെതന്നെ നിശ്ചയിച്ചിട്ടുള്ള ആളുകളുടെ വിശ്വാസ്യതയെക്കുറിച്ചും അഴിമതിരഹിതമായ അവരുടെ പ്രതിച്ഛായയെക്കുറിച്ചും വാസ്തവത്തിൽ നമ്മെപോലുള്ള പൊതുപ്രവർത്തകർ ഇവിടെ ചർച്ചചെയ്യുന്നത് അഭികാമ്യമല്ല എന്നുള്ളതാണ് എന്റെ അഭിപ്രായം. രാഷ്ട്രീയ പ്രസ്ഥാനങ്ങളിലെ ആളുകളെ നിശ്ചയിക്കുമ്പോൾ സത്യസന്ധരായ ആളുകളെ നിശ്ചയിക്കാൻ നമ്മൾ തീരുമാനം എടുക്കണം. ഇപ്പോൾ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ മാത്രം (സർവ്വീസിൽ ഒഴികെയുള്ള ആളുകൾ) അടങ്ങുന്ന പബ്ലിക് സർവ്വീസ് കമ്മീഷനിലെ അംഗങ്ങൾ വിശ്വാസ്യതയോടും അഴിമതി രഹിതമായും പ്രവർത്തിക്കുന്നില്ലെന്നു പറയാനുള്ള സ്ഥിതി ഉണ്ടാകരുതെന്നാണ് എനിക്കു പറയാനുള്ളത്. തീർച്ചയായും പബ്ലിക് സർവ്വീസ് കമ്മീഷൻ സംശയങ്ങൾക്ക് അതീതമായിരിക്കണം. നമുക്കറിയാം പല സന്ദർഭങ്ങളിലും പല ആരോപണങ്ങളും ഇവിടെ ഉയർന്നുവന്നിട്ടുണ്ട്. എൻ.ഒ.സി. റാക്കറ്റുപോലെ പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട്, അതിനകത്തുള്ള അംഗങ്ങളാണെന്നു ഞാൻ പറയുന്നില്ല, അവിടെയുള്ള ജീവനക്കാരും വെളിയിലുള്ള ആളുകളുമായി ബന്ധപ്പെട്ട് ചില റാക്കറ്റുകൾ പ്രവർത്തിച്ചിരുന്നു. ഗവൺമെന്റ് ചില നടപടികൾ എടുത്തിട്ടുണ്ട്. പൊതുജനമദ്ധ്യത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങളിൽ അഴിമതി ഇല്ലെന്നും അഴിമതി ഉണ്ടെന്നും സാമ്പത്തിക ഇടപെടലുകളുടെ അടിസ്ഥാനത്തിൽ മാത്രമേ നിയമനങ്ങൾ ലഭിക്കുകയുള്ളൂ എന്നുമുള്ള തെറ്റിദ്ധാരണ ഇപ്പോഴുള്ള എല്ലാ സന്ദർഭങ്ങളിലും ഉണ്ട്. അതുകൊണ്ട് അഴിമതിക്കതീതമായി പ്രവർത്തിക്കുന്ന ഒരു മേഖലയാണ് പബ്ലിക് സർവ്വീസ് കമ്മീഷനെന്ന് വരുത്താനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനോടൊപ്പം പബ്ലിക് സർവ്വീസ് കമ്മീഷനുമുണ്ട്.

ഇവിടെ പ്രധാനമായിട്ടും പറയുന്നത് കാലതാമസത്തെക്കുറിച്ചാണ്. കേരളത്തിലെ അഭ്യസ്തവിദ്യരും അല്ലാത്തവരുമായ സാങ്കേതിക വിദ്യാഭ്യാസമുള്ളവരും അല്ലാത്തവരുമായ എല്ലാവർക്കും തൊഴിൽ കൊടുക്കാൻ സാദ്ധ്യമല്ല. ഏറ്റവും പ്രധാനമായിട്ടുള്ളത് ഉള്ള തൊഴിൽ സാദ്ധ്യതയിൽ എത്ര ആളുകളെ വയ്ക്കാൻകഴിയുമെന്നുള്ളതാണ്. കേരളത്തിൽ ഒഴിവുള്ള സ്ഥലങ്ങളിലെല്ലാം പബ്ലിക് സർവ്വീസ് കമ്മീഷൻ തെരഞ്ഞെടുത്തവരേയോ പബ്ലിക് സർവ്വീസ് കമ്മീഷനിൽ അപേക്ഷിച്ചവരേയോ നിയമിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് ദൗർഭാഗ്യകരമായ അവസ്ഥ. ഇവിടെ എന്തെങ്കിലും പറയുമ്പോൾ അത് വേറെ സ്വഭാവത്തിൽ വരും.

ബഹുമാന്യനായ ശ്രീ. ആർ.എസ്. ഉണ്ണി പറഞ്ഞത് പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസ് ആധുനീവൽക്കരിക്കണമെന്നാണ്. എട്ടു പത്ത് ലക്ഷത്തിനിടയിലുള്ള അപേക്ഷകൾ കെട്ടിക്കിടപ്പുണ്ട്, അത് ചെയ്തു തീർക്കാൻ വേണ്ടി അവിടെയുള്ള സ്റ്റാഫ് പോര. ഈ അടുത്തകാലത്ത് കേരള ഗവൺമെന്റ് കുറച്ചു ആളുകളെ കൊടുത്തു. അതുകൊണ്ടും തീരില്ല. പബ്ലിക് സർവ്വീസ് കമ്മീഷൻ

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറയുന്നത് തൊഴിൽ കൊടുക്കുന്ന ഒരു സ്ഥലമാണ്. അത് ആധുനീവൽക്കരിക്കണമെന്നു പറഞ്ഞാൽ എന്താണ്? ആധുനീവൽക്കരിക്കണമെന്ന് പറഞ്ഞാൽ, അതിന്റെ പച്ചയായ അർത്ഥം ജോലികൂടെ ചെയ്തുതീർക്കാൻ മനുഷ്യനു സാദ്ധ്യമല്ലെങ്കിൽ തൊഴിൽ സാദ്ധ്യത ഇല്ലാതാക്കാതെതന്നെ പുതിയ സംവിധാനങ്ങളും കൊണ്ടുവരുക എന്നു പറഞ്ഞാൽ അത് ആലോചിക്കണം. അല്ലാതെ ആധുനീവൽക്കരണമെന്ന് പൊതുവായി പറഞ്ഞുപോയിട്ട് കാര്യമില്ല. ഞാൻ ആവർത്തിച്ച് പറയുന്നു എല്ലാ ആളുകൾക്കും ഇപ്പോൾ തൊഴിൽ കൊടുക്കാൻ സാദ്ധ്യമല്ല. പക്ഷെ ഉള്ള മേഖലയിലെ ഉള്ള തൊഴിൽ നമ്മുടെ നാട്ടിലെ ഉദ്യോഗാർത്ഥികൾക്ക് കൊടുക്കണം. അതിൽ അവരെ നിയമിക്കാനുള്ള കാലതാമസം ഒഴിവാക്കുക. ആണ്ടുതോറും രണ്ടു ലക്ഷത്തോളം വരുന്ന അപേക്ഷകരെ മാത്രമേ നോക്കുന്നുള്ളു. അതിനു വേണ്ടി പലപ്പോഴും താൽക്കാലിക ജീവനക്കാരെ, അവരെ സ്ഥിരപ്പെടുത്തുന്നില്ലെങ്കിൽപോലും, വച്ച് ജോലി ചെയ്യാൻ ഗവൺമെന്റ് നിർബന്ധിതമാകുന്നു. അതുകൊണ്ട് പരമപ്രധാനമായും കാലതാമസം ഒഴിവാക്കുക. കാലതാമസം ഒഴിവാക്കുന്നതിന് ഏതെങ്കിലും ഒരു യന്ത്രമാണെങ്കിൽ യന്ത്രം, കമ്പ്യൂട്ടറാണെങ്കിൽ കമ്പ്യൂട്ടർ എന്തോ ആയിക്കൊള്ളട്ടെ, ഞാൻ കമ്പ്യൂട്ടറൈസേഷന്റെ ആളൊന്നുമല്ല, അതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. ആധുനീവൽക്കരിക്കണമെന്നുപറഞ്ഞാൽ എന്താണ്? എട്ടുപത്തു ലക്ഷത്തിന് ഇടയ്ക്കു വരുന്ന ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ കെട്ടിക്കിടക്കാതെ പെട്ടെന്ന് ജോലി കൊടുക്കാനുള്ള അവസരത്തിന് കമ്പ്യൂട്ടറാണെങ്കിൽ കമ്പ്യൂട്ടർ മനുഷ്യ പ്രയത്നമാണെങ്കിൽ മനുഷ്യ പ്രയത്നം. അതിനെക്കുറിച്ച് ആലോചിക്കേണ്ടത് ഗവൺമെന്റാണ്, പെട്ടെന്ന് തീർക്കണമെന്നാണ് പറയുന്നത്.

ഇന്റർവ്യൂവിനെക്കുറിച്ച് പലരും ഇവിടെ പറഞ്ഞു. എല്ലാ സ്ഥലങ്ങളിലും ഇന്റർവ്യൂ നടത്തണമെന്നില്ല. ഈ അടുത്തകാലത്തായി സുപ്രീംകോടതിയുടെ ഒരു വിധിയുണ്ട്. ഇന്റർവ്യൂവിന് കൊടുക്കാവുന്ന മാർക്ക് പരമാവധി 15 ശതമാനമാണ്. 15 ശതമാനത്തിലധികം വരരുതെന്നാണ്. യു.പി.എസ്.സി. പോലും 15 ശതമാനവും 20 ശതമാനവും മാർക്കുമാത്രമേ കൊടുക്കുന്നുള്ളൂ. ശ്രീ. അടിയോടി ചെയർമാൻ ആയതിനുശേഷമാണ് ഇന്റർവ്യൂവിന്റെ മാർക്ക് ശതമാനം കുറച്ചത്. ഇപ്പോഴും പല സ്ഥാനങ്ങളിലേയ്ക്കും ഇന്റർവ്യൂവിന് കൊടുക്കുന്ന മാർക്ക് 100 ശതമാനമാണ്. പലപ്പോഴും അതിന്റെ ബുദ്ധിമുട്ടുവരുന്നുണ്ട്. ഇന്ന് പല ജോലികളിലേയ്ക്കും ടെസ്റ്റും ഇന്റർവ്യൂവും നടത്തുന്നുണ്ട്. ഇത് രണ്ടും നടത്തണമെന്നില്ല. ടെസ്റ്റ് നന്നായി നടത്തുകയാണെങ്കിൽ സാധാരണയായി മിടുക്കൻമാർക്ക് മാത്രമേ നല്ല മാർക്ക് കിട്ടുകയുള്ളൂ. ഒരു ടെസ്റ്റ് നടത്തി ഒന്നരവർഷം കഴിഞ്ഞ് ഇന്റർവ്യൂ കാർഡ് അയച്ച് ഇന്റർവ്യൂ നടത്താതെ ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ നിയമിച്ചു കഴിഞ്ഞാൽ അപ്പോൾതന്നെ പൊതുജനമദ്ധ്യത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷനിലുള്ള വിശ്വാസ്യത വർദ്ധിക്കും. കെട്ടിക്കിടക്കുന്ന അപേക്ഷകൾക്കു ഫലം കണ്ടെത്താനും ഒഴിവുള്ള സ്ഥാനങ്ങളിൽ ആളുകളെ നിയമിക്കുന്നതിനുമുള്ള പ്രത്യേക നടപടികൾ എടുക്കണം. ആ നടപടികൾ എടുക്കുന്നതിന് ആധുനീവൽക്കരണമെങ്കിൽ ആധുനീവൽക്കരണം. എന്ത് മാർഗ്ഗമാണ് യുക്തി എന്ന് തോന്നുന്നത് അത് സ്വീകരിക്കണം. അല്ലെങ്കിൽ അടുത്ത സഭയിലെ ചർച്ചകൊണ്ടും ഇത് തീരില്ല. എട്ടുലക്ഷം അപേക്ഷകൾ എന്നുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

പത്തുലക്ഷമായി മാറും. പബ്ലിക് സർവ്വീസ് കമ്മീഷനിലുള്ള അംഗങ്ങളുടേയും അതിൽ പ്രവർത്തിക്കുന്ന ആളുകളുടേയും അതിന് ചുറ്റുമായി നിൽക്കുന്ന ആളുകളുടേയും വിശ്വാസ്യത ഉയർന്നു നിൽക്കാൻ ഗവൺമെന്റ് സത്വരമായ നടപടികൾ സ്വീകരിക്കണം. അതോടുകൂടിത്തന്നെ പൊതു പ്രവർത്തകന്റെ പ്രതിനിധിയായതു കൊണ്ട് അഴിമതി രഹിതമായ ഈ സംവിധാനത്തിൽ ജനങ്ങൾക്ക് വിശ്വാസ്യത ഇല്ലെന്ന് ആരെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ എനിക്ക് അഭിപ്രായവ്യത്യാസം ഉണ്ട്. കേരളത്തിലെ ഉത്തരവാദപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനങ്ങളിലെ പ്രതിനിധികളാണ്, അന്നും ഇപ്പോഴും പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഇരിക്കുന്നത്. ഞാൻ ആദ്യം പറഞ്ഞത് ആവർത്തിക്കുന്നു. പൊതുപ്രവർത്തകർ എന്ന നിലയിൽ രാഷ്ട്രീയ പ്രവർത്തകരായ നമ്മൾ, അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ, സിനിമയിലും നാടകങ്ങളിലും കോൽകളികളിലും കാണുന്നതുപോലെയും കഥാപ്രസംഗകൻമാർ പറയുന്നതുപോലെയും നമ്മൾ നമ്മുടെ വിശ്വാസ്യതയെ പൊതുജനമദ്ധ്യത്തിൽ ഇടിച്ചുകാണിക്കുന്ന തരത്തിലുള്ള സമീപനം തെറ്റാണ്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി: സ്പീക്കർ)

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, തൊഴിലില്ലാത്ത നിരവധി ചെറുപ്പക്കാരുള്ള ഒരു സ്റ്റേറ്റാണ് നമ്മുടേത്. അതിലും വിശേഷിച്ച് വിദ്യാഭ്യാസമുള്ള തൊഴിലില്ലാത്ത ചെറുപ്പക്കാർ. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽതന്നെ 24—25 ലക്ഷത്തോളം ആളുകൾ തൊഴിലിനുവേണ്ടി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് അറിയുന്നത്; ആ നിലയ്ക്ക് സ്വാഭാവികമായും പബ്ലിക് സർവ്വീസ് കമ്മീഷനിൽ അപേക്ഷിക്കുന്ന കാര്യത്തിൽ ഉണ്ടാകുന്ന തള്ളിച്ച എത്രയാണെന്ന് ഞാൻ പറയേണ്ടതായിട്ടില്ല. സർവ്വീസിലുള്ള ഒഴിവുകൾ നികത്താനാവശ്യമായ നടപടികളുടെ ഭാഗമായി കുറെ ചട്ടങ്ങളും വ്യവസ്ഥകളും നിലവിലുണ്ടാക്കാനും. പബ്ലിക് സർവ്വീസ് കമ്മീഷൻ രൂപീകരിച്ച കാലത്തുള്ള സ്ഥിതിയല്ല ഇന്ന്. ഇന്ന് അതിന്റെ അധികാര പരിധി വളരെ വ്യാപിപ്പിച്ചിരിക്കുകയാണ്. ഒരുപക്ഷെ ജനകീയ ഗവൺമെന്റ് വന്നതിനുശേഷം ഗവൺമെന്റിന്റെ ചെയ്തികളെക്കുറിച്ച് സംശയത്തോടുകൂടി വീക്ഷിക്കുന്ന ഒരു സാഹചര്യം അറിഞ്ഞോ അറിയാതേയോ എല്ലാഭാഗത്തുനിന്നും ഉണ്ടായതിന്റെ ഫലമായി ഗവൺമെന്റിൽനിന്ന് വ്യത്യസ്തമായ ഒരു ഏജൻസി കാര്യങ്ങൾ തീരുമാനിക്കുകയെന്നുള്ള കാര്യത്തിൽ ഒരു സാമാന്യ അംഗീകാരം കിട്ടിയ സ്ഥിതിവിശേഷമാണ്. അതുകൊണ്ട് അടുത്തകാലംവരെ പോലീസിൽപോലും ആളുകളെ എടുക്കുന്നത് ഡിപ്പാർട്ടുമെന്റായിരുന്നുവെങ്കിൽ ഇന്ന് അതും പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തിരിക്കുകയാണ്. സർക്കാർ സർവ്വീസുകൾ മാത്രമല്ല പൊതുമേഖലാസ്ഥാപനങ്ങളുൾപ്പെടെ വ്യാപകമായ സ്വാധീനമുള്ള വലയമായിത്തീർന്ന സാഹചര്യത്തിൽ അതിലേക്ക് ആളുകളെ നിശ്ചയിക്കാനുള്ള സംവിധാനം പോര എന്നും അതിന്റെ കുറവുകൊണ്ട് ആ സംവിധാനത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അർഹിക്കുന്നതും അർഹിക്കാത്തതുമായ പരാമർശനങ്ങളും ആക്ഷേപങ്ങളും ഉന്നയിക്കാറുണ്ട്. ഇന്ന് ചർച്ചാവേളയിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ പേരിൽപോലും അഴിമതി ആരോപണങ്ങൾ വന്നിരിക്കുകയാണ്. അതൊരു നല്ല പ്രവണതയല്ല.

LIBRARY ARCHIVES Kerala Legislative Assembly

പബ്ലിക് സർവ്വീസ് കമ്മീഷനിൽ എന്തെങ്കിലും കുറവോ കുറവോ ഉണ്ടെങ്കിൽ അവർക്ക് വന്ന് മറുപടി പറയാൻ സാധിക്കാത്ത ഒരു വേദിയാണിത്. അവർക്കും ഭരണഘടനാപരമായ ചില സംരക്ഷണങ്ങൾ ഉണ്ട്. പക്ഷെ മറുപടി പറയാൻ സാധിക്കാത്ത ഒരു വേദിയിൽനിന്ന് അവരുടെപേരിൽ അഴിമതി ആരോപണങ്ങൾ ഉന്നയിക്കുന്നത് നിർഭാഗ്യകരമാണ്. ആ സ്ഥിതിവിശേഷം ഉണ്ടാകരുത്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം കുറേക്കൂടി കാര്യക്ഷമമാക്കണമെന്നുള്ള കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. ഇന്നുള്ള ന്യൂനത അവിടെ നിയമിക്കുന്ന ആളുകൾ രാഷ്ട്രീയക്കാരായതുകൊണ്ടാണെന്ന അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല. കാരണം, ഈ രാജ്യത്ത്, വിശേഷിച്ച് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം എന്റെ ഓർമ്മ ശരിയാണെങ്കിൽ ആദ്യമായി രാഷ്ട്രീയമായി നിയമനം നടത്തിയത് ബഹുമാന്യനായ ശ്രീ. ആർ.വി. തോമസിനെയാണ്. ശ്രീ. ആർ.വി. തോമസ് പബ്ലിക് സർവ്വീസ് കമ്മീഷൻ മെമ്പറായിരുന്ന കാലത്ത് ഏതെങ്കിലും ഒരു വിഭാഗത്തിന് രാഷ്ട്രീയമായി അദ്ദേഹത്തെ എതിർത്തിരുന്നവർക്കുപോലും അദ്ദേഹം പുലർത്തിയിരുന്ന ഉന്നതമായ പദവിയെക്കുറിച്ച് രണ്ടഭിപ്രായം ഉണ്ടായിട്ടില്ല. അദ്ദേഹത്തെതുടർന്ന് ശ്രീ. എം.ടി. വർഗ്ഗീസ്, ശ്രീ. ഉദയഭാനു, ശ്രീ. ഉമ്മർകോയ തുടങ്ങിയവരെല്ലാം വന്നിട്ടുണ്ട്. അപ്പോഴും രാഷ്ട്രീയക്കാരായതുകൊണ്ടല്ല മറിച്ച് രാഷ്ട്രീയപാർട്ടികൾക്ക് അത് കൈകാര്യം ചെയ്യാനുള്ള അവസരം ഉണ്ടാക്കിക്കൊടുത്ത ആളുകളിൽനിന്നാണ് ഈ വിമർശനം ഉണ്ടാകുന്നതെന്നു കേൾക്കുമ്പോൾ എനിക്ക് കൗതുകകരമായി തോന്നുന്നു. ഞാൻ അതിലേക്ക് കടക്കുന്നില്ല.

ഈ കമ്മീഷന്റെ പ്രവർത്തനം എങ്ങനെ കാര്യക്ഷമമാക്കിത്തീർക്കാൻ സാധിക്കുമെന്നുള്ളതാണ് നമ്മൾ കൂട്ടായി **ചിന്തിക്കേണ്ട** പ്രശ്നമാണ്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ ജോലിഭാരത്തെക്കുറിച്ച് ഇവിടെ പല മെമ്പർമാരും ചൂണ്ടിക്കാണിച്ചു. ലക്ഷക്കണക്കല്ല ദശലക്ഷക്കണക്കിന് അപേക്ഷകൾ കൈകാര്യം ചെയ്യാനുള്ള മെഷിനറിയുടെ പരിധി, പരിമിതി എന്താണെന്ന് നമുക്കറിയാം. പരമാവധി സഹായം അവർക്കു ഉണ്ടാക്കികൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഈ ഗവൺമെന്റ് വന്നതിനുശേഷം മാത്രം അതായത് 1983–ലും 1985–ലുമായി 224 പുതിയ തസ്തികകൾ അനുവദിച്ചു. ഏതാണ്ട് അവിടെ ഉണ്ടായിരുന്നതിന്റെ മൂന്നിലൊന്നിൽ കൂടുതൽ തസ്തികകൾ ഈ അടുത്തകാലത്തായി അനുവദിച്ചു. മാത്രമല്ല ജില്ലാതലത്തിലുള്ള ആഫീസർമാരുടെ തസ്തികകൾ അപ്ഗ്രേഡ് ചെയ്തു. ഡെപ്യൂട്ടി സെക്രട്ടറിയുടെ ഗ്രേഡ് കൊടുത്തു. ജില്ലയിൽത്തന്നെ കുറെ തീരുമാനിക്കാൻവേണ്ടി. ഇങ്ങനെ അധികാരം വികേന്ദ്രീകരിച്ചെങ്കിലും ആശ്വാസം ഉണ്ടാക്കാമെന്നു വിചാരിച്ചു. അങ്ങനെയുള്ള നടപടികൾ സ്വീകരിച്ച് ആശ്വാസം ഉണ്ടാക്കാൻ ശ്രമിക്കുകയാണ്.

സർ, ഇന്നുള്ള പരീക്ഷാ സമ്പ്രദായംതന്നെ ഏർപ്പെടുത്തേണ്ടിവന്നത് ഒരു കാലത്ത് കമ്മീഷന്റെ പ്രവർത്തനത്തിൽ വന്ന പോരായ്മ പരിഹരിക്കുന്നതിനുവേണ്ടിയാണ്. പരീക്ഷാ സമ്പ്രദായം ഏർപ്പെടുത്തിയപ്പോൾ പത്തോ അറുപതോ നൂറോ ഒഴിവുകളുള്ളിടത്ത് ലക്ഷക്കണക്കിന് അപേക്ഷകളാണ് വരുന്നത്. ഇതൊക്കെ സ്റ്റാഫിനെ നിയോഗിച്ചാൽ പരിഹരിക്കുവാൻ സാധിക്കുമോ? ഇതു പറയുമ്പോൾ ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

കാർത്തികേയൻ ഇവിടെ സൂചിപ്പിച്ചു. സർവ്വീസിൽ ഉള്ള ആളുകൾക്കു ദോഷമുണ്ടാകാതെ അവരുടെ പ്രൊമോഷൻ സാദ്ധ്യത കുറയ്ക്കാതെ തന്നെ കുറേയെങ്കിലും, ഭാഗികമായി കമ്പ്യൂട്ടറൈസ് ചെയ്തുകൂടേ എന്ന്.

ശ്രീ. കാനം രാജേന്ദ്രൻ: ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ കമ്പ്യൂട്ടറൈസേഷൻ ഏർപ്പെടുത്തിയതിന്റെ അനുഭവം നമ്മുടെ മുമ്പിൽ ഉണ്ട് എന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓർക്കുമോ?

ശ്രീ. കെ. കരുണാകരൻ: ആദ്യത്തെ ഒരു പരീക്ഷണത്തിൽ എന്തെങ്കിലും ഒരു പിശകു വന്നുവെങ്കിൽ ആ പിശക് തിരുത്തിക്കൊണ്ടു പോകുകയാണ് ചെയ്യേണ്ടത്. ബഹുമാനപ്പെട്ട മെമ്പറുടെ വീട്ടിൽ ചോദിച്ചാൽ അറിയാം, കുട്ടിയായിരുന്ന കാലത്ത് നടക്കാൻ ശ്രമിച്ചപ്പോൾ ആദ്യം എഴുന്നേൽക്കുമ്പോൾ വീഴും. പിന്നെ നടക്കേണ്ടാ എന്ന് വിചാരിച്ചിരുന്നെങ്കിൽ ഈ സംസ്ഥാനത്തിന് എന്തു നഷ്ടമാകുമായിരുന്നു. അങ്ങനെ നടക്കാൻ ശ്രമിക്കുമ്പോൾ വീഴ്ചവരും, ആ വീഴ്ച വരുമ്പോൾ പിന്നേയും നടക്കാൻ ശ്രമിക്കുകയാണ് വേണ്ടത്.

ശ്രീ. കാനം രാജേന്ദ്രൻ: കുട്ടി നടക്കുമ്പോൾ വീഴ്ച വന്നാൽ പരിക്ക് പറ്റുന്നത് കുട്ടിക്കുമാത്രമായിരിക്കും. ഇത് ലക്ഷക്കണക്കിന് ആളുകൾക്ക് പരിക്ക് പറ്റുന്ന കാര്യമാണ് അതുകൊണ്ട് മറ്റ് എന്തെങ്കിലും സംവിധാനമുണ്ടാക്കണം.

ശ്രീ. കെ. കരുണാകരൻ: കുട്ടി എന്നു പറയുന്നത് രാഷ്ട്രത്തിന്റെ സമ്പത്തായി വരുന്നതാണ്. അതുകൊണ്ട് ഈ കാര്യത്തിൽ നമുക്ക് പരീക്ഷണങ്ങൾ നടത്താം. ഞാൻ അന്തിമമായി പറയുകയല്ല. പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനത്തിൽ കാര്യമായ മാറ്റം വരുത്തണമെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. അംഗസംഖ്യ കൂട്ടിയതുകൊണ്ട് കുറേ പരിഹാരമുണ്ടാകുമെന്നു കരുതി. പക്ഷേ അംഗസംഖ്യ കൂട്ടിയപ്പോൾ അതിനും പരാതിവന്നു. ജീവനക്കാരുടെ എണ്ണം കൂട്ടണമെന്ന ആവശ്യമുന്നയിച്ചു. ഏതായാലും ശരി ഇതിനെക്കുറിച്ച് വിശദമായ, വളരെ ഗൗരവമായ പഠനം നടത്തണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. അതിനുവേണ്ടി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിനേയും കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ മാനേജ്മെന്റ് വിഭാഗത്തിലെ പ്രമുഖനായ പ്രൊഫസർ ഡോക്ടർ പൊതുവാളിന്റെയും സേവനം ഉപയോഗിച്ച് ആവശ്യമായ രംഗങ്ങളിലെല്ലാം മാറ്റം വരുത്തണമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കാൻ തയ്യാറാണ്. ആ റിപ്പോർട്ട് കിട്ടിയതിനുശേഷം രണരംഗത്ത് പരിചയമുള്ള എല്ലാഭാഗത്തുമുള്ള ആളുകളുമായി ചർച്ചചെയ്ത് എന്തെങ്കിലും പ്രത്യേക നിർദ്ദേശം ഉണ്ടാകുമോയെന്നു നോക്കി അവയും പരിശോധിക്കുന്നതാണ്. കാരണം ഇതിൽ ആരു ഭരിക്കുന്നു എന്നുള്ളതല്ല പ്രധാനം. ഏതു ഗവൺമെന്റ് വന്നാലും നമ്മുടെ സമൂഹത്തെ സംബന്ധിച്ചിടത്തോളം, ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ വിദ്യാഭ്യാസമുള്ള ചെറുപ്പക്കാരുടെ എണ്ണം ഇത്രയും വർദ്ധിച്ച ഒരു സംസ്ഥാനത്തെ ജനങ്ങൾക്ക് ഈ കാര്യത്തിൽ ഒരു വിശ്വാസം വരുത്താനുള്ള സംവിധാനം ആവശ്യമാണ്. ആ കാര്യത്തിൽ എനിക്ക് അഭിപ്രായവ്യത്യാസമില്ല.

ഇവിടെ ചില പുതിയ നിർദ്ദേശങ്ങൾ ഒക്കെ സമർപ്പിച്ചു. അവയൊക്കെ പരിശോധിക്കുവാൻ തയ്യാറാണ്. പക്ഷേ ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാതലായ വശം, ഈ സ്ഥാപനത്തെ എത്രത്തോളം ഫലപ്രദമായി, കാര്യക്ഷമമായി, നിഷ്പക്ഷമായി, വേഗത്തിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രയോജനപ്പെടുത്താം എന്നുള്ളതാണ്. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഞാൻ ഇവിടെ നേരത്തെ സൂചിപ്പിച്ച സ്ഥാപനങ്ങളുടെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് ഇതു പുനഃസംഘടിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഹസ്സൻ ചൂണ്ടിക്കാണിച്ചതു വളരെ ശരിയാണ്. നമ്മുടെ പല എക്സ്പ്പാടുകളും ഒരുതരത്തിൽ പറഞ്ഞാൽ പോസ്റ്റ്മോർട്ടം ആണ്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ റിപ്പോർട്ടും എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ റിപ്പോർട്ടും വരുന്നത് ഒരുതരത്തിൽ പറഞ്ഞാൽ പോസ്റ്റുമോർട്ടമാണ്. അപ്പോൾ ഒരു പോസ്റ്റുമോർട്ടം നടത്തുന്നതിന്റെ ഉദ്ദേശം അതു പഠിച്ച് നാളെ ആ ന്യൂനതകൾ ഒഴിവാക്കാനുള്ള ശ്രമമാണ്. റിപ്പോർട്ടിലുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടെ പരിശോധിച്ച് കാലാകാലങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിച്ചുകൊണ്ടാണ്. ആ കാര്യത്തോടു ഞാൻ പൂർണ്ണമായും യോജിക്കുകയാണ്.

ശ്രീ. ബേബി ജോൺ: അതു കൃത്യമായി കിട്ടാനുള്ള അവസരമുണ്ടാക്കണം. ഇപ്പോൾ കൃത്യമായി കിട്ടുന്നില്ല എന്നു പറഞ്ഞു.

ശ്രീ. കെ. കരുണാകരൻ: അതുതന്നെയാണ് ഞാൻ പറഞ്ഞു വരുന്നത്. ഇപ്പോൾ ഇതു കേവലം ഒരു ചടങ്ങായി മാറിയിരിക്കുകയാണ്. 1982–83–ലെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ റിപ്പോർട്ട് 1985–86 സാമ്പത്തിക വർഷത്തിൽ ചർച്ച ചെയ്യേണ്ടിവരുന്ന സ്ഥിതിവിശേഷമുണ്ടായാൽ അതിനെക്കുറിച്ച് ആർക്കും അഭിപ്രായവ്യത്യാസമുണ്ടാകേണ്ട കാര്യമില്ല. ചിലപ്പോൾ ഒരു റിപ്പോർട്ട് വന്നാൽ അത് എന്താണെന്നു നോക്കാൻ പറഞ്ഞാൽ, പറയും, 'സർ, ഇത് ഇപ്പോഴത്തെ അല്ല, മൂന്നുവർഷം മുൻപത്തെയാണ്' എന്ന്. അപ്പോൾ റിപ്പോർട്ട് വായിച്ച് അതിൽ കല്പന പുറപ്പെടുവിക്കേണ്ട മന്ത്രി ഒന്നുംനോക്കേണ്ട, കണ്ണടച്ച് ഇനിഷ്യൽ ഇട്ടാൽ മതി ജോലി തീരും എന്ന സ്ഥിതിവിശേഷമുണ്ട്. അതു മാറേണ്ടതാണ്. അതു മാറണമെന്ന അഭിപ്രായം എനിക്കുണ്ട്. അതുകൊണ്ട് പബ്ലിക് സർവ്വീസ് കമ്മീഷൻ മാത്രമല്ല ഇത്തരം സ്ഥാപനങ്ങളോ ഗവൺമെൻറിനെ കാലാകാലങ്ങളിൽ ഉപദേശിക്കാനുള്ളതായിട്ടുള്ള, ഗവൺമെൻറിന്റെ ന്യൂനതകൾ തിരുത്തിക്കൊണ്ടുപോകാനുള്ള സ്ഥാപനങ്ങളോ കുറച്ചുകൂടി കാര്യക്ഷമമാക്കിത്തീർക്കേണ്ടത് ആവശ്യമാണെന്നുള്ള അഭിപ്രായത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. പി.എസ്.സി.യെ സംബന്ധിച്ചിടത്തോളം ആവശ്യമായ പുനഃസംവിധാനം ചെയ്യുന്നതിന് എന്തുനടപടി സ്വീകരിക്കാൻ സാധിക്കും എന്നുള്ളതിന് ഗവൺമെൻറ് പരമാവധി ശ്രമിക്കും എന്നു പറഞ്ഞുകൊണ്ട് ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്.

ബഹുമാനപ്പെട്ട ഒരു മെമ്പർ സംവരണത്തെക്കുറിച്ച് പരാമർശിച്ചു. ഞാൻ അതിനോട് പൂർണ്ണമായും യോജിക്കുകയാണ്. സംവരണത്തിന് ഇന്നു നിശ്ചയിച്ചിട്ടുള്ള ചില വ്യവസ്ഥകൾ ഉണ്ട്. എങ്കിലും കമ്മീഷനോട് അതേക്കുറിച്ച് ചോദിക്കുമ്പോൾ മറുപടി പറയുന്നത്, യോഗ്യതയുള്ള ആളുകൾ അപേക്ഷിച്ചു എന്നാണ്. ഹരിജന വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ഉള്ള അവസരത്തിൽ കമ്മിറ്റിയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇതു പരിശോധിച്ചു വരുമ്പോഴും ചിലപ്പോഴും ഒരു ചടങ്ങായിട്ട് മാറുന്നതിന്റെ ഫലമായിട്ട് പലപ്പോഴും അർഹതയുള്ള ആളുകൾക്ക് ഈ കാര്യം അറിയാൻപോലും സാധിക്കുന്നില്ല. ഇപ്പോൾ ചെയ്യുന്നത്, ഗസറ്റിൽ നോട്ടിഫൈ ചെയ്യുക അല്ലെങ്കിൽ പത്രങ്ങളിൽ നോട്ടിഫൈ ചെയ്യുക എന്നുള്ളതാണ്. നമ്മുടെ സംസ്ഥാനത്ത് എത്ര ആളുകൾ ഗസറ്റു വായിക്കുന്നവരുണ്ടാകും? ഉദ്യോഗാർത്ഥികൾക്കുപോലും എല്ലാ ഗസറ്റും അന്വേഷിച്ചു പോകാൻ സാധിച്ചു എന്നു വരികയില്ല. അതു കൊണ്ട്, അതിന് എന്തു ചെയ്യാൻ സാധിക്കുമെന്നു നോക്കേണ്ടതാണ്. നിക്കിവച്ചിട്ടുള്ള സംവരണം അനുസരിച്ചുള്ള തസ്തികകൾ ഉറപ്പുവരുത്തേണ്ടത് ആവശ്യമാണെന്നുള്ള കാര്യത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. അതിനാവശ്യമായ സംവിധാനം ഉണ്ടാക്കുന്ന കാര്യം തീർച്ചയായും പരിശോധിക്കാൻ ഗവൺമെൻറ് തയ്യാറാണ്. ഇവിടെ സൂചിപ്പിച്ചപോലെ ടെസ്റ്റ് എഴുതുമ്പോഴാണെങ്കിലും ശരി ടെസ്റ്റ് കഴിഞ്ഞ് ഇൻറർവ്യൂവിന് വരുമ്പോഴാണെങ്കിലും ശരി സത്യ സന്ധമായാണ് മാർക്ക് ഇടുന്നത്. അല്ല എന്നു ഞാൻ പറയുകയില്ല. മാർക്ക് ഇട്ടുവരുമ്പോൾ അർഹതപ്പെട്ട ആൾ പുറത്തളപ്പെടുന്നുവെന്നുള്ളതാണ് അനുഭവം. പിന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പരാതിയുണ്ട്. പക്ഷേ അനുഭവത്തിൽ മറിച്ചാണ് സംഭവിക്കുന്നത്. അതുകൊണ്ട് ഈ റിസർവേഷൻ അനുസരിച്ചുള്ള തസ്തിക കിട്ടാൻ നിലവിലുള്ള സംവിധാനത്തിൽ എന്തെല്ലാം മാറ്റം വേണമോ അതിനുള്ള കാര്യങ്ങൾ പരിശോധിച്ച് പരിഹാരമുണ്ടാക്കണമെന്നു തന്നെയാണ് ഗവൺമെൻറിന്റെ അഭിപ്രായം.

(പാലക്കാടു ജില്ലയിലെ മുഞ്ഞബാധയെക്കുറിച്ച്

ശ്രീ. കെ. കൃഷ്ണൻകുട്ടി അവതരിപ്പിച്ച സബ്മിഷനു മറുപടി.)

കൃഷിവകുപ്പു മന്ത്രി (ശ്രീ. എ.എൽ. ജേക്കബ്): പാലക്കാട് ജില്ലയിലെ ആലത്തൂർ കൃഷി സബ്ഡിവിഷനിൽപ്പെട്ട വടക്കാഞ്ചേരി, എരുമയൂർ, കണ്ണമ്പ്ര, കൊടുവായൂർ, കുഴൽമന്ദം എന്നീ കൃഷിവികസന ഓഫീസുകളുടെ പരിധിയിൽപ്പെട്ട ഏകദേശം ആയിരം ഹെക്ടർ പാടങ്ങളിലും ചിറ്റൂർ കൃഷിവികസന ഡിവിഷനിൽപ്പെട്ട പുതുശ്ശേരി, തത്തമംഗലം, പുൽപ്പള്ളി, പാലക്കാട് എന്നീ കൃഷിവികസന ഓഫീസുകളുടെ പരിധിയിൽപ്പെട്ട ഏകദേശം 200 ഹെക്ടർ പാടങ്ങളിലുമാണ് കഴിഞ്ഞ ആഗസ്റ്റ് അവസാനത്തോടുകൂടി മുഞ്ഞ ബാധിച്ചത്. അപ്പോൾ തന്നെ കർഷകർക്ക് അടിയന്തിരമായി കൈക്കൊള്ളേണ്ട സസ്യ സംരക്ഷണ മാർഗ്ഗങ്ങളെപ്പറ്റി നേരിട്ടും, പത്രം, റേഡിയോ മുഖേനയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കൂടാതെ മുഞ്ഞ ബാധയ്ക്ക് വിധേയമായ എല്ലാ പാടശേഖരങ്ങളിൽനിന്നും ഈ ആവശ്യത്തിനു വന്ന കർഷകരുടെ ചർച്ചായോഗങ്ങൾ വിളിച്ചുകൂട്ടുകയും ചെയ്തു. ആവശ്യമായ കീടനാശിനികളും മരുന്നുകളും തളിക്കുന്നതിനുള്ള ഉപകരണങ്ങളും പ്രസ്തുത സ്ഥലങ്ങളിൽ ലഭ്യമാക്കുകയും ചെയ്തു. കർഷകർ മരുന്നുതളി നടത്തിക്കൊണ്ടിരിക്കുകയാണ്. കീടബാധയുണ്ടായ ഉടനെ നടപടികൾ കൈക്കൊള്ളാൻ കഴിഞ്ഞതിനാൽ ഉദ്ദേശം അഞ്ചുശതമാനം മുതൽ പത്തുശതമാനംവരെ മാത്രമേ വിളയിൽ നഷ്ടം വരൂ എന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly